بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

ലക്കം 41

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഒക്ടോബർ 10/ഹി.ശം 1403 അഖാഅ് 10/ഹി:ഖ 1446 റബീഉൽ ആഖർ 06

## അല്ലാഹുവിന്റെ വചനം

وَلَا تَحۡسَبَنَّ اللّٰہَ غَافِلًا عَمَّا یَعۡمَلُ الظّٰلِمُوۡنَ ۬ؕ اِنَّمَا یُؤَخِّرُہُمۡ لِیَوۡمٍ تَشۡخَصُ فِیۡہِ الۡاَبۡصَارُ ۙ

(سورہ ابراہیم، آیت 43)

അക്രമികൾ പ്രവർത്തിക്കുന്ന ചെയ്തികളെ സംബന്ധിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ ഒരിക്കലും ധരിച്ചുപോകരുത്. കണ്ണുകൾ തുറിച്ചുമേല്പോട്ടുനോക്കുന്ന ഒരു നാളത്തേക്ക് അവസരം നീട്ടിക്കൊടുക്കുക മാത്രമാണ് അവൻ ചെയ്യുന്നത്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### പുരുഷന്മാർ പട്ടു വസ്ത്രം ധരിക്കാൻ പാടില്ല:

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ ؓ നിവേദനം. പട്ടുനൂൽ ഇടകലർത്തിനെയ്ത ഒരു വസ്ത്രം മസ്ജിദിന്റെ വാതിൽക്കൽ വിൽപനയ്ക്ക് വെച്ചിരിക്കുന്നത് ഉമർؓ കണ്ടു. അപ്പോൾ നബി(സ)തിരുമേനിയെ അദ്ദേഹം ഇപ്രകാരം ഉണർത്തി. അല്ലാഹുവിന്റെ റസൂലേ! ഈ വസ്ത്രം അങ്ങ് വിലക്കുവാങ്ങുകയും വെള്ളിയാഴ്ച ദിവസം നിവേദകസംഘങ്ങളെ സ്വീകരിക്കുമ്പോൾ ധരിക്കുകയും ചെയ്തെങ്കിൽ നന്നായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:പരലോകത്ത് നന്മയുടെ ഒരംശവും ലഭിക്കാനില്ലാത്തവൻ മാത്രമെ ഈ വസ്ത്രം ധരിക്കുകയുള്ളു. പിന്നീടൊരിക്കൽ അത്തരം കുറെ വസ്ത്രങ്ങൾ നബിﷺതിരുമേനിക്ക് വന്നുകിട്ടി. അപ്പോൾ അതിലൊന്ന് അവിടന്ന് ഹദ്റത്ത് ഉമർؓ ന് നല്കി. അന്നേരം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് എനിക്കത് ധരിക്കാൻ തരുന്നു. ഉത്വാരിദിന്റെ വസ്ത്രത്തിന്റെ കാര്യത്തിൽ ഇവിടന്ന് ചിലതെല്ലാം പറയുകയുണ്ടായല്ലോ? അപ്പോൾ അവിടന്ന് ﷺപറഞ്ഞു:നിങ്ങൾക്ക് ധരിക്കാൻ വേണ്ടിയല്ല അതു ഞാൻ നിങ്ങൾക്കു നൽകുന്നത്. അപ്പോൾ മക്കയിൽ താമസിച്ചിരുന്ന ബഹുദൈവവിശ്വാസിയായ തന്റെ ഒരു സഹോദരന് ഉമർؓഅത് ധരിക്കാൻ കൊടുത്തു.

ഹദ്റത്ത് അലിؓനിവേദനം. നബിﷺതിരുമേനി എനിക്കൊരു വസ്ത്രം സമ്മാനമായി നല്കി. ഞാനതു ധരിച്ചു. അപ്പോൾ നബിﷺ തിരുമേനിയുടെ മുഖത്ത് കോപം ഞാൻ കണ്ടു. ഉടനെ ഞാനത് എന്റെ കുടുംബത്തിലെ സ്ത്രീകൾക്കു മുറിച്ചു കൊടുത്തു. *(സ്വഹീഹുൽബുഖാരി, വാല്യം 4, കിതാബുൽ ഹിബ)*

## ലോകത്തുനിന്ന് വിടപറഞ്ഞ് പോകുന്നതിനുമുമ്പേ അല്ലാഹുവുമായി മനുഷ്യൻ രഞ്ജിപ്പിലാകേണ്ടത് നിർബന്ധമാണ്. മനുഷ്യൻ ഉൽകൃഷ്ടസ്വഭാവം കരസ്ഥമാക്കുകയും തഖ്‌വാ സ്വായത്തമാക്കുകയും ചെയ്യുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

"ഓർമിച്ചു കൊള്ളുവിൻ!എതിരാളികളുടെമേൽ വിജയം വരിക്കുന്നതിന് തഖ്‌വാ അഥവാ ദൈവഭക്തിയുടെ ആവശ്യമുണ്ട്. ഇതിനുവേണ്ടി ഇക്കാലത്ത് ഏറ്റവും നല്ല മാർഗം എന്റെയടുത്ത് വന്ന് താമസിക്കുക എന്നതാണ്. ഈ രഹസ്യം ഏറ്റവുമാദ്യം മനസ്സിലാക്കിയത് മൗലവി നൂറുദ്ദീൻ സാഹിബാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം, ദീൻ കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം ഇവിടെ വന്ന് വിജനപ്രദേശത്തിരുന്നു. അദ്ദേഹം ചെയ്തത് വളരെ വലിയ ത്യാഗമാണ്. തന്റെ സ്വത്തുവകകളും ധനങ്ങളുമു പേക്ഷിക്കുകയും ഒരു വനവാസം സ്വീകരിക്കുകയും ചെയ്തു. മൗലവി സാഹിബിനെപോലുള്ള കഴിവുള്ളവരും യോഗ്യന്മാരുമായിട്ടുള്ള വ്യക്തി ലാഹോറിലോ അമൃതസറിലോ താമസിക്കുകയാണെങ്കിൽ ഭൗതികമായി വളരെനല്ല നേട്ടമുണ്ടാക്കാൻ കഴിയുമായിരുന്നുവെന്ന് എനിക്ക് ദൃഢമായും പറയാൻ കഴിയും. പല പ്രാവശ്യവും ലാഹോർകാരും അമൃതസർകാരും അദ്ദേഹം അവിടെ വന്ന് താമസിക്കണമെന്ന് ആഗ്രഹിച്ചിട്ടുമുണ്ട്. എന്നാൽ, അദ്ദേഹമൊരിക്കലും ഇവിടെ താമസിക്കുന്നതിനെക്കാൾ മറ്റുസ്ഥലത്ത് പോകുന്നതിനും നേട്ടങ്ങളുണ്ടാക്കുന്നതിനും മുൻഗണന നല്കിയില്ല. അദ്ദേഹത്തിന് അല്ലാഹു ഇതിന് ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. ഇത്തരം ആത്മാവും ദൃഢനിശ്ചയവുമുള്ള ആളുകളെ അല്ലാഹു ഇവിടെ കൊണ്ടുവരുമാറാകട്ടെ.

പിന്നീടു ഞാൻ കാണുന്നത് നമ്മുടെ ചില സഹോദരങ്ങൾ വർഷന്തോറും ലോകത്തുനിന്ന് വിടപറഞ്ഞു പോകുന്നതാണ്. അടുത്ത വർഷം ആരാണുണ്ടാകുകയെന്ന് ആർക്കറിയാം. ആർക്കാണ് വിളിയുടെ കൽപന വരിക! ലോകത്തുനിന്ന് മനുഷ്യൻ വിടപറഞ്ഞ് പോകുന്നതിനുമുമ്പേ അല്ലാഹുവുമായി രഞ്ജിപ്പിലാകേണ്ടത് നിർബന്ധമാണ്. ദൈവനിയോഗിതനുമായി സത്യസന്ധമായ ബന്ധമില്ലെങ്കിൽ ആർക്കും ദൈവാനുഗ്രഹമുണ്ടാകുകയില്ലെന്നത് സത്യമായ കാര്യമാണ്. ആ സ്നേഹമുണ്ടെന്നതിനുള്ള തെളിവ് അവർ അദ്ദേഹത്തെ അനുസരിക്കുന്നു എന്നതിലാണുണ്ടാകുന്നത്. ശിഷ്യൻ തന്റെ മുർശിദിനെ ഏറ്റവും നല്ലവനായി മനസ്സിലാക്കാത്തിടത്തോളം ശിഷ്യന് ഒരു ഫലവുമുണ്ടാകുകയില്ലന്ന് സ്വൂഫി പറയുന്നു. എന്റെ പക്കൽ ഇക്കാര്യം നിസ്സംശയം ശരിയാണ്. പക്ഷേ, മുർശിദ് എപ്പോഴും നെറ്റി ചുളിച്ചിരിക്കേണ്ടത് നിർബന്ധമാണെന്ന് പറയുന്നത് ശരിയാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. മനുഷ്യൻ തന്റെ സ്വഭാവത്തെ എന്തിനാണ് അകറ്റേണ്ടത്. മിൻഹാജുന്നുബുവ്വത്തിന്റെ മാർഗം ഉപേക്ഷിക്കരുത്. അവൻ വളരെ വലിയ സത്സ്വഭാവിയും മനക്കരുത്തുള്ളവനും ആകേണ്ടതാണ്. അല്ലാ

ശേഷം പേജ് 11 ൽ

**അല്ലാഹു എത്രമാത്രം വസ്തുക്കൾ ലോകത്ത് സൃഷ്ടിച്ചിട്ടുണ്ടോ അവയിലോരോന്നിനും ഓരോ തൊലിയുണ്ടാകും. തൊലിപൊതിഞ്ഞിട്ടില്ലാത്തതായ ഒരു തലച്ചോറും ലോകത്തില്ല. ബലികളിലും ഏതെങ്കിലും മൃഗത്തെ അറുക്കുക എന്നത് ഒരു തൊലിയാണ്. പക്ഷേ ആ ബലിയുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആത്മാർഥത തലച്ചോറാണ്. ഈ തൊലി നിരർഥമായ വസ്തുവല്ല. പ്രത്യുത ദരിദ്രന്മാർക്ക് പ്രയോജനപ്പെടുന്ന വസ്തുവാണ്. കാരണം ദരിദ്രർ സാധാരണ ആ ശക്തി വർധിപ്പിക്കുന്ന വസ്തുക്കളിൽനിന്ന് പിന്തള്ളപ്പെട്ടുപോകാറുണ്ട്. അതുകൊണ്ട് അല്ലാഹു ഇത്തരത്തിലുള്ള ഒരു സ്വദഖ അഥവാ ദാനവും തുടങ്ങി. ഇതിൽ മൃഗങ്ങൾ അറുക്കപ്പെടുന്നു. ദരിദ്രജനങ്ങളുടെ മനസ്സ് വിഷമിക്കാതിരിക്കുകയും അവരും ആ ശക്തിവർധിക്കുന്ന ഭക്ഷണങ്ങളിൽനിന്ന് സാമ്പത്തിക ഞെരുക്കംകൊണ്ട് പിന്തള്ളപ്പെടാതിരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണിത്.**

**ബലിയുടെ തത്ത്വവും അതിന്റെ യുക്തിയും ബലിക്കെതിരെയുള്ള ആക്ഷേപത്തിന് മറുപടിയും**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ഹജ്ജ് എന്ന അധ്യായത്തിലെ 38-ാമത്തെ വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'ഇസ്‌ലാമികാധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കർമത്തിന്റേയും ബാഹ്യമായ രൂപം ഫലമുണ്ടാക്കുകയില്ലെന്നതും ഈ ആയത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. പ്രത്യുത ആ കർമത്തിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ ത്യാഗത്തിന്റെ ആത്മാവാണ് ഫലമുണ്ടാക്കുന്നത്. അതിനാൽ അവസ്ഥകളുടെ മാറ്റങ്ങൾ കാരണത്താൽ ചിലപ്പോൾ കർമത്തിന്റെ ബാഹ്യമായ രൂപത്തിൽ മാറ്റങ്ങളുണ്ടാകുമ്പോൾ അത് ഒരാളേയും അഭിവൃദ്ധിയിൽനിന്ന് തടയുകയില്ല. മറിച്ച് അല്ലാഹു ഫലം കൊണ്ടുവരുന്ന നേരത്ത് തന്റെ ബലിയുടെ ആത്മാവിനെ മുന്നിൽവെച്ചുകൊണ്ട് അതനുസരിച്ചാണ് വിധിക്കുന്നത്. ഉദാഹരണത്തിന് ഒരാളുടെ കൈയിൽ പതിനായിരം രൂപയുണ്ട്. അയാൾ അതിൽനിന്ന് 100 രൂപ ദരിദ്രർക്ക് കൊടുക്കുന്നു. ഒരാളുടെ കൈയിൽ 10 രൂപ മാത്രമെയുള്ളു. അയാൾ അതിൽനിന്ന് അഞ്ചുരൂപ കൊടുക്കുന്നു. അപ്പോൾ അതിന്റെ ഫലം അഞ്ചും നൂറുമനുസ

ശേഷം പേജ് 6 ൽ

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ
06 സെപ്റ്റംബർ 2024

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**നബിﷺതിരുമേനി അഹ്സാബ് യുദ്ധത്തിനുമുമ്പേ അബുസുഫിയാന്റെ ഒരു കത്തിനുള്ള മറുപടിയിലെഴുതി: "കേട്ടുകൊള്ളുക! അവസാനം അല്ലാഹു ഞങ്ങളെ വിജയിപ്പിക്കുന്നതായിരിക്കും.**

**അല്ലയോ ബനൂ ഗാലിബിന്റെ വിവരദോഷീ! ഒരു ദിവസം വരും, അന്ന് നിങ്ങളുടെ ലാത്തും ഉസ്സയും ഇസാഫും നായിലയും ഹുബുലും തുണ്ടം തുണ്ടമാക്കപ്പെടുന്നതാണ്. ആ ദിവസത്തിൽ ഇതെല്ലാം നിന്നെ ഞാൻ ഓർമിപ്പിക്കുന്നതായിരിക്കും." കിടങ്ങ് കുഴിക്കാനുള്ള തീരുമാനം ഹദ്റത്ത് സൽമാനുൽഫാരിസിؓയുടെ അഭിപ്രായത്തിൽ മാത്രമായിരുന്നില്ല എടുത്തത്. പ്രത്യുത അല്ലാഹു ഇൽഹാം മുഖേന ഈമാർഗം പറഞ്ഞിരുന്നതാണ്.**

**അഹ്സാബ് യുദ്ധത്തിന്റെ കാരണങ്ങളും അതിന്റെ തുടക്കത്തിലുണ്ടായിരുന്ന അവസ്ഥകളും സംബന്ധിച്ച വിവരണം.**

**പാക്കിസ്താനിലെ അഹ്മദികൾക്കും പൊതുവായ നിലയിൽ ലോകത്തിന്റെ നന്മയ്ക്കുംവേണ്ടി ദുആ ചെയ്യാനാഹ്വാനം. ഇപ്രകാരംതന്നെ പാക്കിസ്താനിലെ അഹ്മദികളോടു ദുആചെയ്യാനും സ്വദഖയും ദാനധർമങ്ങളും ചെയ്യാനും ഉപദേശം.**

**ഖുത്ബ ജുമുഅ 2024 സെപ്റ്റംബർ 6, 1403 തബൂക് 06**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○
اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ
غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇന്ന് ഞാൻ ഖൻദഖ് യുദ്ധം അല്ലെങ്കിൽ അഹ്സാബ് യുദ്ധത്തെ സംബന്ധിച്ചാണ് പറയുന്നത്. ഇത് ഹിജ്റ 5-ാം വർഷം, ക്രിസ്ത്വബ്ദം ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് നടന്നത്. വിശുദ്ധ ഖുർആനിൽ അഹ്സാബ് യുദ്ധത്തെ കുറിച്ച് ഇങ്ങനെ പറയുന്നു: 'വിശ്വസിച്ചവരേ, നിങ്ങൾക്കുമേൽ അല്ലാഹു ചെയ്തുതരുന്ന അനുഗ്രഹം നിങ്ങളോർക്കുക, നിങ്ങളുടെ നേരെ ചില സൈന്യങ്ങൾ വന്നപ്പോൾ, അവർക്കെതിരെ നാം ഒരു കാറ്റും നിങ്ങൾ കാണാത്ത ചില സൈന്യങ്ങളെയും അയച്ചു. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലവണ്ണം നോക്കിക്കാണുന്നവനാകുന്നു. അവർ നിങ്ങളുടെ മേൽഭാഗത്തുനിന്നും താഴ്ഭാഗത്തുനിന്നും നിങ്ങളുടെ നേരെ വരികയും ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ (തെറിച്ച്) കണ്ഠനാളങ്ങൾവരെ എത്തുകയും നിങ്ങൾ അല്ലാഹുവിനെക്കുറിച്ച് പലതും വിചാരിക്കുകയും ചെയ്ത സന്ദർഭത്തിൽ, അവിടെ വിശ്വാസികൾ പരീക്ഷണത്തിലകപ്പെടുകയും ശക്തമായ (പരീക്ഷണത്താൽ) വിറപ്പിക്കപ്പെടുകയും ചെയ്തു. അല്ലാഹുവും അവന്റെ ദൂതനും നമ്മളോടു ചെയ്ത വഗ്ദാനം വഞ്ചനയല്ലാതെ മറ്റൊന്നുമല്ലെന്ന് കപട വിശ്വാസികളും തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരും പറഞ്ഞു. അവരിലൊരു വിഭാഗം പറഞ്ഞു: യഥ്രിബുകാരേ! നിങ്ങൾ തങ്ങിനിൽക്കേണ്ട സന്ദർഭമല്ല, അതുകൊണ്ട് നിങ്ങൾ തിരിച്ചുപോകുക. അവരിൽ മറ്റൊരു വിഭാഗം, തങ്ങളുടെ വീടുകൾ അരക്ഷിതാവസ്ഥയിലാണെന്ന് പറഞ്ഞ് നബിയോടു അനുവാദം ചോദിക്കാൻ തുടങ്ങി. വാസ്തവത്തിൽ അവർ അരക്ഷിതാവസ്ഥയിലായിരുന്നില്ല. അവർ ഓടിപ്പോകാൻ മാത്രമേ ഉദ്ദേശിക്കുന്നുണ്ടായിരുന്നുള്ളൂ. അവർ അതിന്റെ (പട്ടണത്തിന്റെ) എല്ലാ ഭാഗത്തുനിന്നും കയറുകയും പിന്നെ അവരോടു കുഴപ്പമുണ്ടാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നു. അവർ അതിൽ കാലവിളംബം വരുത്തുമായിരുന്നില്ല, നിസ്സാരമായിട്ടല്ലാതെ. വാസ്തവത്തിൽ ഇതിനുമുമ്പേ അവർ തീർച്ചയായും തങ്ങൾ പിന്തിരിയുകയില്ലെന്ന് അല്ലാഹുവിനോടു കരാർ ചെയ്തിരുന്നു. അല്ലാഹുവിനോടു ചെയ്തത് തീർച്ചയായും ചോദ്യം ചെയ്യപ്പെടുന്നതാണ്. പറയുക, മരണത്തിൽനിന്നോ വധത്തിൽനിന്നോ നിങ്ങൾ ഓടിപ്പോകുകയാണെങ്കിൽ ആ ഓട്ടം നിങ്ങൾക്ക് ഒരിക്കലും ഒരു പ്രയോജനവും നൽകുന്നതല്ല. അത്തരം അവസ്ഥയിൽ നിങ്ങൾക്ക് അൽപമല്ലാതെ പ്രയോജനം നൽകപ്പെടുന്നതല്ല. നീ ചോദിക്കുക, അല്ലാഹു നിങ്ങൾക്ക് വല്ല ബുദ്ധിമുട്ടും തരാൻ ഉദ്ദേശിക്കുകയോ അതല്ല അവൻ നിങ്ങൾക്ക് കാരുണ്യം നൽകാൻ തീരുമാനിക്കുകയോ ചെയ്താൽ അല്ലാഹുവിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ ആർക്കു കഴിയും? അവർ അല്ലാഹുവിനു പുറമെ ഒരു രക്ഷാധികാരിയേയോ ഒരു സഹായകനേയോ കണ്ടെത്തുകയില്ല. നിങ്ങളിൽ നിന്നുള്ളവരെ (യുദ്ധത്തിൽ നിന്ന്) തടയുകയും തങ്ങളുടെ സഹോദരങ്ങളോടു തങ്ങളുടെ അടുക്കലേക്ക് വരിക എന്നു പറയുന്നവരേയും അല്ലാഹുവിന് നന്നായറിയാം. അവരിൽ വളരെ കുറഞ്ഞപേർ മാത്രമല്ലാതെ യുദ്ധത്തിന് വരുന്നില്ല. അവർ നിങ്ങൾക്കെതിരിൽ ലുബ്ധ് കാണിക്കുന്നു. അങ്ങനെ ഭയം (ഉള്ള അവസ്ഥ) വന്നാൽ അവർ നിന്നെ നോക്കുന്നത് നീ കാണുന്നതാണ്, അതായത് മരണാസന്നനായ ഒരുവനെപോലെ അവരുടെ കണ്ണുകൾ (ഭയം നിമിത്തം) കറങ്ങുന്നുണ്ടായിരിക്കും. പിന്നെ ഭയമില്ലാതാകുമ്പോൾ നന്മയുടെ കാര്യത്തിൽ പിശുക്ക് കാണിച്ചുകൊണ്ട് മൂർച്ചയുള്ള നാവുകളുമായി അവർ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നതാണ്. അക്കൂട്ടർ (യഥാർഥത്തിൽ) വിശ്വസിച്ചിട്ടില്ല. അങ്ങനെ അല്ലാഹു അവരുടെ കർമങ്ങളെ നിഷ്ഫലമാക്കിയിരിക്കുന്നു. ഇക്കാര്യം അല്ലാഹുവിന് വളരെ എളുപ്പമാണ്. അവർ വിചാരിക്കുന്നത് സൈന്യങ്ങൾ പോയിട്ടില്ലെന്നാണ്. സൈന്യങ്ങൾ (തിരിച്ച്) വരുന്നതായാൽ അവർ (നിരാശരായി) ആഗ്രഹിക്കുക, തങ്ങൾ ബദവികൾക്കിടയിൽ മരുഭൂമിയിൽ പോയി താമസിച്ചുകൊണ്ട് നിങ്ങളെ സംബന്ധിച്ച് അറിയുന്നവരായെങ്കിൽ എന്നായിരിക്കും. അവർ നിങ്ങളുടെ കൂട്ടത്തിലുണ്ടായാൽ പോലും അല്പം മാത്രമേ യുദ്ധം ചെയ്യുമായിരുന്നുള്ളൂ. തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഒരു ഉത്തമ മാതൃകയുണ്ട്. അതായത് അല്ലാഹുവിനേയും അന്ത്യനാളിനേയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്! സത്യവിശ്വാസികൾ സൈന്യങ്ങളെ കണ്ട

പ്പോൾ പറഞ്ഞു: ഇതുതന്നെയാണ് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോടു വാഗ്ദാനം ചെയ്തത്. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിരുന്നത്. അത് അവർക്ക് വിശ്വാസവും അനുസരണബോധവും വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. വിശ്വാസികളിൽപ്പെട്ട ചിലയാളുകൾ അല്ലാഹുവുമായിചെയ്ത കരാറിൽ സത്യസന്ധത കാണിച്ചവരാണ്. ചുരുക്കത്തിൽ അവരിൽ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയവരുമുണ്ട്. അവരിൽ അവസരം പാർത്തിരിക്കുന്നവരുമുണ്ട്. അവർ ഒരിക്കലും (തങ്ങളുടെ കർമശൈലിയിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല. (ഇത്) അല്ലാഹു സത്യസന്ധന്മാർക്ക് അവരുടെ സത്യതയ്ക്കുള്ള പ്രതിഫലം നല്കുന്നതിനും കപടവിശ്വാസികളെ അവനുദ്ദേശിക്കുന്ന പക്ഷം ശിക്ഷിക്കുകയോ അല്ലെങ്കിൽ പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് അവരിലേക്ക് ചായുന്നതിനോ വേണ്ടിയാണ്. തീർച്ചയായും അല്ലാഹു വളരെയേറെ പൊറുക്കുന്നവനും കൂടെക്കൂടെ കരുണ ചെയ്യുന്നവനുമാകുന്നു. വിശ്വസിക്കാത്തവരെ ഒരു നന്മയും കരസ്ഥമാക്കാൻ കഴിയാത്തവരായി അവരുടെ കോപത്തോടുകൂടിത്തന്നെ അല്ലാഹു തിരിച്ചയച്ചു. അല്ലാഹു വിശ്വാസികളെ സംബന്ധിച്ചിടത്തോളം യുദ്ധത്തിൽ മതിയായവനാകുന്നു. അല്ലാഹു ഏറെ ഊക്കുള്ളവനും പ്രതാപവാനുമാകുന്നു.' (33:10-26) *(ഹദ്റത്ത് ഖലീഫത്തുൽമസീഹുർറാബിയിന്റെ തർജമ)*

ഇതു വിശുദ്ധഖുർആനിലെ ആയത്തുകളുടെ തർജമയാണ്.

ഈ യുദ്ധത്തിന് ഈ പേര് എന്തുകൊണ്ടാണ് വെക്കപ്പെട്ടിട്ടുള്ളത്. ഈ യുദ്ധം 'ഖൻദഖ് യുദ്ധം' എന്ന പേരിലും അറിയപ്പെടുന്നു. കാരണം, അറബികളുടെ പതിവ് സമ്പ്രദായങ്ങൾക്കു വിപരീതമായി ആദ്യമായിട്ട് മുസ്ലിമീങ്ങൾ ഒരു കിടങ്ങ് കുഴിച്ച് പ്രതിരോധയുദ്ധം നടത്തി. ഇത് 'അഹ്സാബ് യുദ്ധം' എന്ന പേരിലും അറിയപ്പെടുന്നു. വിശുദ്ധ ഖുർആൻ ഈ പേരാണ് നൽകിയിട്ടുള്ളത്. 'അഹ്സാബ്' എന്നത് 'ഹിസ്ബ്' എന്ന പദത്തിന്റെ ബഹുവചനമാകുന്നു, അതിന്റെ അർഥം 'കൂട്ടം' അല്ലെങ്കിൽ 'ഗ്രൂപ്പ്' എന്നാണ്. ഈ യുദ്ധത്തിൽ അറേബ്യയിലെ വിവിധ കൂട്ടങ്ങളും ഗ്രൂപ്പുകളും ചേർന്ന് മുസ്ലിമീങ്ങളെ ആക്രമിച്ചു. അതുകൊണ്ട് അത് അഹ്സാബ് യുദ്ധം എന്നു പറയപ്പെട്ടു.

ഇതിന്റെ കാരണമായി പറയുന്നു: ഹിജ്റ നാലാം വർഷം റബീഉൽ അവ്വൽ മാസത്തിൽ യഹൂദ ഗോത്രമായ ബനൂ നളീർ തങ്ങളുടെ വാഗ്ദാന ലംഘനവും കലാപവും നബിﷺതിരുമേനിയെ വധിക്കാനുള്ള ഗൂഢ പദ്ധതിയും കാരണം മദീനയിൽനിന്ന് പുറത്താക്കപ്പെട്ടു. ഈ വാഗ്ദാന ലംഘകരും കലാപകാരികളുമായ ഗോത്രത്തിന് നൽകിയ ശിക്ഷ അതിലും വലുതാകേണ്ടതായിരുന്നു. പക്ഷേ, അവരുടെ അപേക്ഷ മാനിച്ച് നബിﷺതിരുമേനി ക്ഷമയും സഹിഷ്ണുതയും കരുണയും കാണിച്ച് അവരെ നാട്ടിൽനിന്ന് പുറത്താക്കുക മാത്രമാണ് ചെയ്തത്. ഈ ഗോത്രം തങ്ങളുടെ എല്ലാ സാധനസാമഗ്രികളുമായി മദീനയിൽനിന്ന് കുറച്ചുദൂരെ ഖയ്ബർ എന്ന സ്ഥലത്ത് താമസമാക്കി. പക്ഷേ, നാലുമാസമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ, നന്ദികെട്ടവരും ഗൂഢാലോചന നടത്തുന്നവരുമായ ഈ യഹൂദികൾ നബിﷺതിരുമേനിയ്ക്കും ഇസ്ലാമിനുമെതിരിൽ വളരെ ഭയാനകമായ ഒരു പദ്ധതി തയ്യാറാക്കി. അതനുസരിച്ച് മുസ്ലിമീങ്ങളെ മുഴുവനും ഉന്മൂലനം ചെയ്യുകയായിരുന്നു ലക്ഷ്യം. ബനുനളീറിന്റെ തലവൻ ഹുയ്യ ബിനി അഖ്ത്വബ് തന്റെ അഹങ്കാരവും ഇസ്ലാം വിരോധവും ആവേശവും നിമിത്തം യഹൂദികളിലെ അബൂജഹ്ൽ എന്നറിയപ്പെടാൻ അർഹത നേടിയിരുന്നു. പദ്ധതി അനുസരിച്ച് അയാൾ തന്റെ ചില സക്രിയരായ സുഹൃത്തുക്കളെയും കൂട്ടി മക്കയിലേക്ക് പോയി. അബൂ സുഫിയാനുമായും മറ്റു ഖുറയ്ശി മൂപ്പന്മാരുമായും കൂടിക്കാഴ്ച നടത്തി. ഖുറയ്ശികളോടു പറഞ്ഞു: ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. ഞങ്ങൾ മുഹമ്മദ്ﷺനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും നാമാവശേഷമാക്കാനുള്ള ഉറച്ച തീരുമാനത്തോടുകൂടിയാണ് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. നമുക്കെല്ലാവർക്കുമൊന്നിച്ചു ചേർന്ന് മുഹമ്മദ്ﷺനും കൂട്ടുകാർക്കുമെതിരിൽ ഒരു ഉടമ്പടി ഉണ്ടാക്കാം. ഖുറയ്ശി മുശ്രിക്കീങ്ങൾക്കും മറ്റെന്താണ് വേണ്ടിയിരുന്നത്. അവർ നേരത്തെതന്നെ ആക്രമണ പദ്ധതി തയ്യാറാക്കിവെച്ചിട്ടുള്ളവരും ബദ്ർ, ഉഹുദ് യുദ്ധങ്ങൾ നടത്തിയവരുമായിരുന്നു. പക്ഷേ, തങ്ങളുടെ ഹൃദയാഭിലാഷങ്ങൾ പൂവണിയിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ബദ്റിലെ പ്രതികാരവാഞ്ചയുടെയും ഉഹുദിലെ നാണംകെട്ട അവസ്ഥയുടെയും വ്രണങ്ങൾ വീണ്ടും സജീവമായി. അബൂസുഫിയാൻ യഹൂദ മൂപ്പന്മാരെ സ്വാഗതം ചെയ്ത് പറഞ്ഞു: 'നിങ്ങൾ ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നു. മുഹമ്മദിﷺന്റെ ശത്രുത കാരണം ഞങ്ങളെ സഹായിക്കുന്നതുകൊണ്ട് നിങ്ങൾ ഞങ്ങൾക്കു മറ്റെല്ലാവരേക്കാളും പ്രിയപ്പെട്ടവരുമാണ്. പരസ്പരമുള്ള സംസാരത്തിനു ശേഷം ഖുറയ്ശികളിലെ 50 പേരും ഈ യഹൂദികളും കഅ്ബയുടെ കില്ല പിടിച്ചുകൊണ്ട് അവർ പരസ്പരം സഹായിക്കുമെന്നും മുഹമ്മദ്ﷺനെതിരെ എല്ലാവരുടെയും തീരുമാനം ഏകമായിരിക്കുമെന്നും തങ്ങൾ ഒരുമിച്ച് മുഹമ്മദ് ﷺനെയും കൂട്ടുകാരെയും ഉന്മൂലം ചെയ്യുമെന്നും ശക്തമായ പ്രതിജ്ഞ ചെയ്തു. ഏതായാലും അബൂസുഫിയാനുമായി, മദീനയെ ശക്തമായി ആക്രമിക്കുന്നതിനുള്ള പദ്ധതിയും ദിവസവും തീരുമാനിച്ചതിനുശേഷം ബനുനളീറിന്റെ ഈ സംഘം മുസ്ലിമീങ്ങളുടെ രക്തദാഹികളായ അറേബ്യയിലെ മറ്റു ഗോത്രങ്ങളുടെ അടുത്തുപോയി. അവരിൽ പലരും യുദ്ധം ചെയ്ത് പരാജയപ്പെട്ടവരായിരുന്നു. അങ്ങനെ എല്ലാവരുമൊന്നിച്ച് ബനുഗത്ഫാന്റെ അടുക്കലെത്തി. അവർ അറേബ്യയിലെ ധീരന്മാരായ ഗോത്രക്കാരുടെ കൂട്ടത്തിലാണ് ഉൾപ്പെടുന്നത്. മുസ്ലിമീങ്ങൾക്കെതിരെയുള്ള വെറുപ്പും വിദ്വേഷവും അവരിൽ പ്രകടമായിരുന്നു. യഹൂദികൾ അവരെ നബിﷺതിരുമേനിക്കെതിരെ യുദ്ധം ചെയ്യാൻ ക്ഷണിക്കുകയും അതോടൊപ്പം ഖയ്ബറിലെ ഒരു വർഷത്തെ ഈത്തപ്പഴങ്ങൾ അവർക്ക് നൽകാമെന്ന അതിമോഹവും നൽകി. മാത്രമല്ല മക്കയിലെ ഖുറയ്ശികളും തങ്ങളോടൊപ്പമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അതേ തുടർന്ന് ബനൂഗത്ഫാനും സഹായ വാഗ്ദാനം ചെയ്യുകയും തങ്ങളുടെ ഭാഗത്തുനിന്ന് 6000 സൈനികരുടെ ജാമ്യവും നല്കി. അതിനുശേഷം യഹൂദികളുടെ ഈ സംഘം ബനൂ സുലയ്മിന്റെ അടുത്തെത്തി. ഇവരും മുസ്ലിമീങ്ങളെ ആക്രമിക്കാൻ ആഗ്രഹിച്ചു കൊണ്ടിരുന്ന മറ്റൊരു ഗോത്രമായിരുന്നു. പക്ഷേ, അവർ പരാജയപ്പെടുകയായിരുന്നു. ഇത്രയും വലിയ ഒരു സൈനിക സംഘം ആക്രമിക്കാൻ തയ്യാറാണെന്നറിഞ്ഞപ്പോൾ ഈ ഗോത്രവും സന്തോഷപൂർവ്വം അവരെ സഹായിക്കാമെന്നേറ്റു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 363-364 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ഗസവയെ അഹ്സാബ്, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 62, പ്രസാധനം നഫീസ് അക്കാഡമി, ഉർദു ബാസാർ കറാച്ചി)*

അതുപോലെ ബനൂ ഫസാറഹ് ഗോത്രം തങ്ങളുടെ നേതാവായ ഉയയ്നായുടെ നേതൃത്വത്തിൽ നബിﷺതിരുമേനിയോട് യുദ്ധം ചെയ്യാൻ തയ്യാറായി. ഉയയ്ന തന്റെ സുഹൃത്ത്ഗോത്രമായ ബനൂ അസദിനെയും ക്ഷണിച്ചിരുന്നു. ബനൂ അസദിന്റെ നേതാവ് ത്വുലയ്ഹ അസദിയും ക്ഷണം സ്വീകരിച്ചു. ബനൂ മുർറത്ത്, ബനൂ അശ്ജഅ് ഗോത്രങ്ങളും ഈ യുദ്ധത്തിലെ അംഗബലത്തിൽ കാര്യമായി വർധന ഉണ്ടാക്കി. ഈ എല്ലാ ഗോത്രങ്ങളും തങ്ങളുടെ ധീരതയിൽ അറേബ്യയിൽ മുഴുവനും പേരുകേട്ടവരായിരുന്നു. *(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 270-271, ദാറുസ്സലാം രിയാള്)*

ഇതിന്റെ വിശദീകരണം എഴുതിക്കൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضی اللہ عنہ എഴുതുന്നു: 'മക്കയിലെ ഖുറ

യ്ശികളും നജ്ദിലെ ഗോത്രങ്ങളായ ഗത്ഫാനും സുലയ്മും നേരത്തെതന്നെ മുസ്‌ലിമീങ്ങളുടെ രക്തദാഹികളായിരുന്നു. ഓരോ ദിവസവും മദീനയ്ക്കെതിരെ ആക്രമണം നടത്താനുള്ള ചിന്തയിലുമായിരുന്നു. പക്ഷേ, അവർ ഇതുവരെ തങ്ങളുടെശക്തി, ഇസ്‌ലാമിന്നെതിരെ ഒരേ സ്ഥലത്ത് ഒരുമിച്ചു കൂട്ടിയിരുന്നില്ല. എന്നാൽ, യഹൂദി ഗോത്രം ബനു നളീർ കലാപവും ഫിത്നയും കാരണം മദീനയിൽ നിന്ന് നാടുകടത്തപ്പെട്ടപ്പോൾ അതിലെ നേതാക്കന്മാർ നബിﷺതിരുമേനി അവരോടു ചെയ്ത വളരെ കുലീനവും ഔദാര്യപൂർവ്വവുമായ പെരുമാറ്റത്തെ മറക്കുകയാണ് ചെയ്തത്. നബിﷺതിരുമേനി അവർക്കുമേൽ വലിയ ഔദാര്യമാണ് ചെയ്തിരുന്നത്. അതിനെ മറന്നുകൊണ്ട് അവർ പരസ്പരം കൂടിയാലോചിക്കുകയും അറേബ്യയിലെ ചിതറിപ്പിരിഞ്ഞു കിടന്ന ശക്തികളെ ഒരിടത്ത് ഒരുമിച്ചുകൂട്ടി ഇസ്‌ലാമിനെ നാമാവശേഷമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തീവ്രമാക്കുകയും ചെയ്തു. യഹൂദികൾ വളരെ കുത്സിതമായ സാമർഥ്യമുള്ളവരായിരുന്നു. ഇത്തരത്തിലുള്ള ഗൂഢാലോചനയിൽ വലിയ സമർഥരുമായിരുന്നു. അതുകൊണ്ട് അവരുടെ കലാപപരമായ പരിശ്രമങ്ങൾ സാധ്യമാക്കുകയും അറേബ്യൻ ഗോത്രങ്ങൾ ഏകമനസ്സോടെ മുസ്‌ലിമീങ്ങൾക്കെതിരിൽ രണാങ്കണത്തിലിറങ്ങുകയും ചെയ്തു. യഹൂദ മൂപ്പന്മാരായ സല്ലാം ബിൻ അബിൽ ഹുഖയ്ഖ്, ഹയ്യ ബനി അഖ്ത്വബ്, കിനാന ബിൻ അർറബീഅ് എന്നിവർ ഈ തീവ്രമായ പരിപാടിയിൽ പ്രത്യേകമായും ഭാഗഭാക്കായി. അങ്ങനെ ഈ കുഴപ്പക്കാർ തങ്ങളുടെ പുതിയ വാസസ്ഥലമായ ഖയ്ബറിൽനിന്ന് പുറപ്പെട്ട് ഹിജാസിന്റെയും നജ്ദിന്റെയുമിടയിൽ പര്യടനം നടത്തി. ഏറ്റവുമാദ്യം മക്കയിലെത്തി ഖുറയ്ശികളുമായുള്ള തങ്ങളുടെ ബന്ധം ഉറപ്പിച്ചു. പിന്നീട് ഖുറയ്ശി മൂപ്പന്മാരെ സന്തോഷിപ്പിക്കുന്നതിന് മുസ്‌ലിമീങ്ങളുടെ ദീനിനെക്കാളും നിങ്ങളുടെ ദീനും ശിർക്കും വിഗ്രഹാരാധനയും മെച്ചപ്പെട്ടതാണെന്നു പറയാനും അവർ മടിച്ചില്ല. പിന്നെ അവർ നജ്ദിൽ പോയി ഗത്ഫാൻ ഗോത്രത്തെയും തങ്ങളോടൊപ്പം ചേർത്തു. ഈ ഗോത്രത്തിന്റെ ശാഖകളായ ഫസാറഹും മുർറത്തുംമറ്റും അവരോടൊപ്പം പുറപ്പെടാനും തയ്യാറായി. മാത്രമല്ല ഖുറയ്ശികളുടെയും ഗത്ഫാന്റെയും പ്രേരണയിൽ ബനൂസുലയിം, ബനൂ അസദ് തുടങ്ങിയ ഗോത്രങ്ങളും ഇസ്‌ലാമിന്നെതിരിലുള്ള ഈ ഐക്യസംഘത്തിൽ ചേർന്നു. മറുഭാഗത്ത് യഹൂദികൾ തങ്ങളുടെ സുഹൃത്ഗോത്രമായ ബനൂസഅ്ദിനും സന്ദേശമയച്ചുകൊണ്ട് തങ്ങളെ സഹായിക്കുന്നതിന് തയ്യാറാക്കി നിറുത്തി. ഈ ശക്തമായ ഐക്യസംഘത്തെ കൂടാതെ ഖുറയ്ശികൾ തങ്ങൾക്കുകീഴിൽ കഴിഞ്ഞിരുന്ന വിവിധ ഗോത്രങ്ങളിലെ ആളുകളെയും തങ്ങളോടൊപ്പം ചേർത്തു. പിന്നീടു നല്ല തയ്യാറെടുപ്പിനുശേഷം അറേബ്യൻ മണലാരണ്യത്തിൽ രക്തദാഹികളായ ഈ ഗോത്രങ്ങൾ മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാനുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു വലിയ പ്രളയം എന്ന നിലയ്ക്ക് മദീനയ്ക്കെതിരെ കുതിച്ചു. ഇസ്‌ലാമിനെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യാതെ തങ്ങൾ തിരിച്ചു വരികയില്ലെന്ന് മുമ്പേ അവർ ശപഥം ചെയ്തിരുന്നു.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 573-574)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഇതു സംബന്ധിച്ച് പറയുന്നു: 'യഹൂദികളിലെ രണ്ടു ഗോത്രങ്ങൾ അവരുടെ കലാപവും കുഴപ്പവും കൊലപാതകവും കൊലപാതക ശ്രമങ്ങളും കാരണം മദീനയിൽനിന്ന് പുറത്താക്കപ്പെട്ടിരുന്നു. അതിൽ കുറച്ചാളുകൾ ശാമിലേക്ക് പലായനം ചെയ്തു. കുറച്ചുപേർ മദീനക്ക് വടക്കുഭാഗത്തുള്ള ഖയ്ബർ എന്ന പട്ടണത്തിലേക്കാണ് പലായനം ചെയ്തത്. ഖയ്ബർ യഹൂദികളുടെ ഒരു വലിയ കേന്ദ്രവും ഉറച്ച കോട്ടയുമായിരുന്നു. ബനൂനളീർ ഇവിടെയെത്തി മുസ്‌ലിമീങ്ങൾക്കെതിരെ അറബികൾക്കിടയിൽ വികാരാവേശങ്ങളുണ്ടാക്കാൻ തുടങ്ങി. മക്കക്കാർ നേരത്തെതന്നെ എതിരാളികളാ യിരുന്നു. അവർക്ക് പ്രത്യേകിച്ച് പുതിയൊരു പ്രേരണയുടെ ആവശ്യമില്ലായിരുന്നു. അതുപോലെ അറേബ്യൻ ഗോത്രങ്ങളിൽ വളരെ സ്ഥാനമുണ്ടായിരുന്ന നജ്ദിലെ ഗത്ഫാൻ ഗോത്രവും മക്കക്കാരുമായുള്ള സൗഹൃദം കാരണം ഇസ്‌ലാമിനോടുള്ള ശത്രുതയിൽ തയ്യാറായിരിക്കുകയായിരുന്നു. യഹൂദികൾ ഖുറയ്ശികളെയും ഗത്ഫാനെയും ആവേശത്തിലാക്കിയതിനു പുറമേ ബനൂസുലയിം, ബനൂഅസദ് എന്നീ രണ്ടു ശക്തരായ ഗോത്രങ്ങളെയും മുസ്‌ലിമീങ്ങൾക്കെതിരെ ഇളക്കി വിടാൻ തുടങ്ങി. അതുപോലെ ബനു സഅ്ദ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന യഹൂദികളുടെ ഒരു സൗഹൃദ ഗോത്രവും മക്കയിലെ സത്യനിഷേധികളോടൊപ്പം നിൽക്കാൻ തയ്യാറായി. ഒരു നീണ്ട തയ്യാറെടുപ്പിനു ശേഷം അറേബ്യയിലെ സകല ശക്തരായ ഗോത്രങ്ങളും ഒരു പൊതുഐക്യത്തിന്റെ അടിസ്ഥാനത്തിൽ സംഘടിച്ചു. അതിൽ മക്കക്കാരുമുണ്ടായിരുന്നു. മക്കയിലെ നാലുപാടുമുണ്ടായിരുന്ന ഗോത്രങ്ങളുമുണ്ടായിരുന്നു. നജ്ദിലെയും മദീനയിൽ നിന്ന് വടക്കുഭാഗത്തെ പ്രദേശങ്ങളിലുള്ള ഗോത്രങ്ങളും ഭാഗഭാക്കായിരുന്നു. യഹൂദികളുമുണ്ടായിരുന്നു. എല്ലാ ഗോത്രങ്ങളും സംഘടിച്ച് മദീനയെ ആക്രമിക്കുന്നതിനുള്ള ഒരു ശക്തമായ സൈന്യത്തെയാണ് തയ്യാറാക്കിയത്.' *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 26)*

ഖുറയ്ശികളുടെയും മറ്റു ഗോത്രങ്ങളുടെയും ഈ യുദ്ധ നീക്കത്തെയും അവരുടെ എണ്ണത്തെയും സംബന്ധിച്ച കൂടുതൽ വിശദീകരണങ്ങളിലെഴുതുന്നു: 'മക്ക ഖുറയ്ശികൾ 4000 സൈന്യവുമായിട്ടാണ് പുറപ്പെട്ടത്. അതിന്റെ നേതൃത്വം അബൂസുഫിയാനാണ് വഹിച്ചിരുന്നത്. സവാരികളുടെ നേതൃത്വം ഖാലിദ് ബിൻ വലീദിനായിരുന്നു. അവർ ദാറുന്നദ്‌വയിൽ പതാക ഉയർത്തി. അത് ഖുറയ്ശികളുടെയുംകൂടിയാലോചനാകേന്ദ്രമായിരുന്നു. പതാക വഹിച്ചിരുന്നത് ഉഥ്മാൻ ബിൻ ത്വൽഹ ആയിരുന്നു. ഇദ്ദേഹം പിന്നീട് ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം 300 കുതിരകളും 1500 ഒട്ടകങ്ങളുമുണ്ടായിരുന്നു. ബനൂ സുലയ്മിലെ 700 പേർ ഖുറയ്ശികളുമായി ചേർന്നു. സുഫിയാൻ ബിൻ അബ്ദു ശംസാണ് അവരുടെ നേതൃത്വം വഹിച്ചിരുന്നത്. ബനു അസദ്, ത്വുലയ്ഹ ബിൻ ഖുവയ്‌ലിദിന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. ബനൂ ഫസാറഹിലെ ആയിരം പേർ ഉയയ്ന ബിൻ ഹസന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. അശ്ജഅ് ഗോത്രത്തിലെ 400 പേർ അവരുടെ നേതാവ് മസ്ഊദ് ബിൻ റുഖയ്‌ലയുടെ നേതൃത്വത്തിൽ വരുന്നുണ്ടായിരുന്നു. ബനൂ മുർറത്തിന്റെ 400 പേർ ഹാരിഥ് ബിൻ ഔഫ് മുർറിയുടെ നേതൃത്വത്തിൽ പുറപ്പെട്ടു. ബനൂ ഗത്ഫാൻ 6000 സൈനികരെ വാഗ്ദാനം ചെയ്തിരുന്നു. യഹൂദികളിൽനിന്ന് രണ്ടായിരത്തിലധികം റിസർവ് സൈന്യവും സൈന്യത്തിന്റെ പിറകെ അവസാന ആക്രമണത്തിന് തയ്യാറായി നിൽപ്പുണ്ടായിരുന്നു. ഇങ്ങനെ വ്യത്യസ്ത ഗോത്രങ്ങളിലുള്ള ആളുകൾ ഈ യുദ്ധത്തിൽ ഭാഗഭാക്കായി. അവരുടെ എണ്ണം പതിനായിരമായിരുന്നു. ചില നിവേദനങ്ങളനുസരിച്ച് ഏറെക്കുറെ 24,000 ആണെന്ന് പറയുന്നു. ഇവരെല്ലാവരുടെയും പൊതുവായ നേതൃത്വം അബൂസുഫിയാൻ ബിൻ ഹർബിന്റെ കൈകളിലായിരുന്നു. ഇത് അതുവരെയുള്ള അറബികളുടെ ചരിത്രത്തിലെ ഏറ്റവും വലിയ സൈനിക നീക്കമായിരുന്നു.*(ഹയാത്തെ മുഹമ്മദ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 434, പ്രസാധനം ബുക് കോർണർ ഝലം) (സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 364 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ഗസ്‌വയെ അഹ്സാബ്, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 153, പ്രസാധനം നഫീസ് അക്കാഡമി, ഉർദുബാസാർ കറാച്ചി)(ഫർഹങ്കെ സീറത്ത് പേജ് 299, സവാർ അക്കാഡമി കറാച്ചി)*

ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎഴുതുന്നു:

‘ഖുറയ്ശികളുടെ ഈ വലിയ സൈന്യം ഏറെക്കുറെ പതിനായിരമാളുകൾ മുതൽ 15,000 ആളുകൾവരെ അടങ്ങുന്നതായിരുന്നു. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 24000 എന്നും കാണുന്നു. പതിനായിരം എന്ന അനുമാനത്തെ ശരിയാണെന്ന് അംഗീകരിച്ചാലും ആ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ ഈ അംഗബലം വളരെ വലുതായിരുന്നു. ഒരുപക്ഷേ, ഇതിനുമുമ്പേ അറബികളുടെ ഗോത്ര യുദ്ധങ്ങളിൽ ഇത്രയും വലിയ അംഗബലം ഒരു യുദ്ധത്തിലുമുണ്ടായിരുന്നില്ല. മുഴുവൻ സൈന്യത്തിന്റെയും സർവ്വസൈന്യാധിപൻ അബൂസുഫിയാൻ ബിൻ ഹർബ് ആയിരുന്നു. യുദ്ധസാമഗ്രികളും ഭക്ഷണപദാർഥങ്ങളും എല്ലാ നിലയ്ക്കും യഥേഷ്ടമുണ്ടായിരുന്നു. അങ്ങനെ ഈ സൈന്യം ഹിജ്റ അഞ്ചാം വർഷം ശവ്വാൽ മാസത്തിൽ അതായത് ക്രിസ്തുവർഷം 627 ഫെബ്രുവരി-മാർച്ച് മാസത്തിൽ മദീനക്കുനേരെ നീങ്ങിക്കൊണ്ടിരുന്നു.’ *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 574)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഇതേക്കുറിച്ച് വിവരിക്കുന്നു: വിവിധ ചരിത്രകാരന്മാർ ഈ സൈന്യത്തിൽ 10000 മുതൽ 24,000 വരെ ആളുകളുണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നു. പക്ഷേ, മുഴുവൻ അറബികളുടെയും സംഘടിതഫലമായി കേവലം പതിനായിരം സൈനികർ മാത്രമാണെന്ന് പറയാൻ സാധ്യമല്ല. തീർച്ചയായും 24000 എന്ന അനുമാനമായിരിക്കും കൂടുതൽ ശരി. ഇനി കൂടുതൽ ഒന്നുമില്ലെങ്കിൽ പോലും ഈ സൈന്യം 18 മുതൽ 20,000 വരെ തീർച്ചയായുമുണ്ടായിരിക്കും. മദീന ഒരു സാധാരണ നാട്ടിൻപുറമായിരുന്നു. ഈ പ്രദേശത്തിനെതിരെ മുഴുവൻ അറബികളും ആക്രമിക്കാൻ ഇറങ്ങുന്നത് ഒരു ചെറിയ ആക്രമണമാകുന്നതല്ല. മദീനയിലെ പുരുഷന്മാരെ ഒരുമിച്ചുകൂട്ടിയാൽ അതിൽ കുട്ടികളെയും വൃദ്ധരെയും ഉൾപ്പെടുത്തിയാൽപോലും 3000 പേർ മാത്രമാണുണ്ടാവുക. ഇതിന്നെതിരിൽ ശത്രുക്കളുടെ സൈനികഫലം ഇരുപത്, ഇരുപത്തിനാലായിരത്തിനിടയിലായിരുന്നു. പിന്നെ അവരെല്ലാവരും സൈനികരും യുവാക്കളും പൊരുതാൻ കെൽപ്പുള്ളവരുമായിരുന്നു. കാരണം പട്ടണത്തിൽ കഴിയുമ്പോൾ സംരക്ഷണത്തിന്റെ പ്രശ്നമുണ്ടായിരുന്നു. അതുകൊണ്ട് അക്കാര്യത്തിൽ കുട്ടികളും വൃദ്ധന്മാരുമെല്ലാം ഉൾപ്പെടുമായിരുന്നു. പക്ഷേ, വിദൂര സ്ഥലങ്ങളിൽ സൈനിക നീക്കം നടത്തുമ്പോൾ അതിൽ യുവാക്കളും ശക്തരായ ആളുകളുമാണുണ്ടാകുക. അതുകൊണ്ട് സത്യനിഷേധികളുടെ സൈന്യത്തിൽ ഇരുപതിനായിരമോ ഇരുപത്തയ്യായിരമോ എത്ര ആളുകളാണെങ്കിലും അവരെല്ലാവരും ശക്തരും യുവാക്കളും യുദ്ധ നൈപുണ്യമുള്ള ആളുകളുമായിരുന്നു. എന്നാൽ, മദീനയിലെ മുഴുവൻ പുരുഷന്മാരുടെയും എണ്ണം അതിൽ കുട്ടികളെയും വികലാംഗരെയും ഉൾപ്പെടുത്തിയാൽ പോലും ഏറെക്കുറെ 3000 മാത്രമാണുണ്ടായിരുന്നത്. ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് മദീനയിലെ സൈനിക ബലം 3000 ആണെന്ന് അംഗീകരിച്ചാൽ പോലും ശത്രുക്കളുടെ എണ്ണം 40,000 ആണെന്ന് അനുമാനിക്കേണ്ടി വരും. കാരണം ഈ എണ്ണങ്ങൾ തമ്മിൽ ഒരു പൊരുത്തവുമില്ല. ശത്രുക്കളുടെ എണ്ണം 20,000 ആണെന്ന് കണക്കാക്കുകയാണെങ്കിൽ മദീനയിലെ സൈനികരുടെ എണ്ണം കേവലം 1500 ആണെന്ന് അനുമാനിക്കേണ്ടി വരും. കാരണം അതിൽ ദുർബലരായ ആളുകളും ഉൾപ്പെട്ടിരുന്നു.

ഏതായിരുന്നാലും സത്യനിഷേധികൾ തങ്ങളുടെ യുദ്ധലക്ഷ്യവുമായി മുന്നേറിക്കൊണ്ടിരുന്നു. നബിﷺതിരുമേനി അതേപ്പറ്റി അറിഞ്ഞപ്പോൾ കിടങ്ങ് കുഴിക്കാൻ തീരുമാനിച്ചു. ഇതിന്റെ വിശദീകരണത്തിലെഴുതുന്നു: ‘നബിﷺതിരുമേനിയുടെ രഹസ്യാന്വേഷണ വിഭാഗം അഥവാ ഇൻറലിജൻസ് ഈ കാര്യങ്ങളെ സംബന്ധിച്ചൊന്നും അജ്ഞരായിരുന്നില്ല. നാലുഭാഗത്തുനിന്നുമുള്ള വാർത്തകൾ നബിﷺ തിരുമേനിക്കെത്തിക്കൊണ്ടിരുന്നു. ഖുറയ്ശികളുടെയും യഹൂദികളുടെയും ഈ ഭയാനകമായ പദ്ധതിയുടെ അറിയിപ്പുകളും മദീനയിലെത്തിയപ്പോൾ അവിടന്ന് സ്വഹാബാക്കളെ വിളിച്ചുകൂട്ടി. അവരെ ശത്രുക്കളുടെ ദുരുദ്ദേശ്യത്തെ പറ്റി ബോധ്യപ്പെടുത്തി. മദീനയിൽ നിന്നുകൊണ്ടോ അതല്ല പുറത്തുപോയോ യുദ്ധം ചെയ്യേണ്ടതെന്ന് അവരോടു അഭിപ്രായം ആരാഞ്ഞു. ഒരു വലിയ യുദ്ധ സൈന്യത്തെയും അതിനു മുന്നിൽ വളരെ ചെറിയൊരു അംഗബലത്തെയും മുൻനിറുത്തിവന്ന അധികം അഭിപ്രായങ്ങളും മദീനയുടെ ഉള്ളിൽ നിന്നുകൊണ്ടുതന്നെ പ്രതിരോധിക്കുന്നതാണ് കൂടുതൽ ഉചിതമായിരിക്കുക എന്നായിരുന്നു. നിവേദനങ്ങളിൽ ഹദ്റത്ത് സൽമാന്റെ അഭിപ്രായം സംബന്ധിച്ച് കാണുന്നുണ്ട്. അദ്ദേഹം കിടങ്ങു സംബന്ധിച്ച് അഭിപ്രായപ്പെട്ടു. പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഞങ്ങൾ ഫാർസികൾ കുതിരകളുടെ സംഘങ്ങളെ ഭയപ്പെടുമ്പോൾ അതിനുമുന്നിൽ കിടങ്ങ് കുഴിക്കുമായിരുന്നു. അതായത് കുതിരകളുടെ സംഘങ്ങൾ വരുമ്പോൾ കിടങ്ങുകൾ കുഴിക്കുമായിരുന്നു. അതുകാരണം അവയ്ക്ക് അത് ചാടിക്കടന്നു വരാനുള്ള കഴിവുണ്ടായിരുന്നില്ല.’ ഈ അഭിപ്രായം എല്ലാവർക്കും ഇഷ്ടമായി. നബിﷺതിരുമേനി മദീനയുടെ അകത്തുനിന്നുതന്നെ പ്രതിരോധിക്കാൻ തീരുമാനമെടുത്തു. കിടങ്ങു കുഴിക്കാനും കൽപ്പന നൽകി.

ചില നബി ചരിത്രങ്ങളിൽനിന്ന് വ്യക്തമാകുന്നത് കിടങ്ങ് കുഴിക്കാനുള്ള തീരുമാനം ഹദ്റത്ത് സൽമാനുൽഫാരിസിയുടെ അഭിപ്രായ പ്രകാരം ആയിരുന്നില്ലെന്നാണ്. മറിച്ച് അല്ലാഹുതന്നെ ഇൽഹാം മുഖേന ഈ മാർഗം അവലംബിക്കാൻ പറഞ്ഞു കൊടുത്തതായിരുന്നു. കാരണം അറബികൾക്ക് ഈ മാർഗം തികച്ചും പുതിയതായിരുന്നു. അറബികൾ പ്രതിരോധത്തിന് കിടങ്ങുകൾ കുഴിക്കുന്ന രീതിയെ സംബന്ധിച്ച് അജ്ഞരായിരുന്നു. എഴുതുന്നു: ‘അബൂസുഫിയാൻ തന്റെ ശക്തിയുടെ ഭ്രമത്തിൽ ഒരു ശക്തമായ സൈന്യവുമായി മദീനയെ ആക്രമിക്കാൻ വരുമ്പോൾ അതിനെ പ്രതിരോധിക്കാൻ അയാൾ മദീനയിലൊന്നും കാണുന്നുണ്ടായിരുന്നില്ല. അയാൾക്ക് ഒരു ഇസ്‌ലാമിക സൈന്യത്തെയും കാണാൻ കഴിഞ്ഞിരുന്നില്ല. ഒരു വലിയ സൈന്യം തന്റെ കൂടെ ഉള്ളതുകൊണ്ട് ഇന്ന് മദീനയെ തന്റെ കൈകളിൽനിന്ന് രക്ഷപ്പെടുത്താൻ ആർക്കും കഴിയില്ലെന്ന് അയാൾ അഹങ്കരിച്ചു. അയാൾ പറഞ്ഞു: ‘ഇനി മദീനയെ തീർത്തിട്ടെ പോകുന്ന പ്രശ്നമുള്ളൂ.’ മദീനയിലേക്കുള്ള വഴിയിൽ എവിടെയും പ്രതിരോധത്തിലുള്ള ഒന്നും കാണാതായപ്പോൾ അയാളുടെ അഹങ്കാരവും ഗർവും വർധിച്ചു. പക്ഷേ, അയാൾ കുതിരയെ ഓടിച്ച് മദീനയുടെ അടുത്തെത്തിയപ്പോൾ, പെട്ടെന്ന് അയാൾക്കു മുന്നിൽ 5 കിലോമീറ്റർ നീളത്തിൽ എട്ടൊമ്പതടി ആഴത്തിൽ വീതി

• ഹദീഥുന്നബ്‌വി(സ) •

“ഇത്തഖുല്ലാഹ ഫിന്നിസാഇ.”
സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി(സ) •

“അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി.”
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യുള്ള കിടങ്ങ് തടസ്സമായി നിൽക്കുന്നത് കണ്ടപ്പോൾ അയാളുടെ വീര്യമെല്ലാം ചോർന്നുപോയി. ഈ കിടങ്ങുകൾ വളരെ ആഴവും വീതിയുമുള്ളതായിരുന്നു, കുതിരകൾക്കും അതു ചാടി കടക്കാൻ സാധ്യമായിരുന്നില്ല. അങ്ങനെ അവർ ഈ കിടങ്ങ് താണ്ടി കടക്കാൻ പരാജയപ്പെട്ടപ്പോൾ വളരെ കോപവും നിസ്സഹായാവസ്ഥയും അഹങ്കാരവുമെല്ലാം നിറഞ്ഞ ഭാവത്തിൽ അവിടെനിന്ന് നബിﷺതിരുമേനിക്ക് ഒരു കത്തെഴുതി. അതിൽ അയാൾ ഇപ്രകാരം കുറിച്ചു: ലാത്ത, ഉസ്സ, ഇസാഫ്, നായില, ഹുബ്ലുമാണെ സത്യം! നിങ്ങളെ നാമാവശേഷമാക്കാതെ പോകുകയില്ലെന്ന ശപഥം ചെയ്താണ് ഞങ്ങൾ വന്നത്. എന്നാൽ, നിങ്ങൾ ഞങ്ങളെ നേരിടുന്നതിൽനിന്ന് ഒഴിഞ്ഞുമാറുകയാണെന്ന് കാണുന്നു. നിങ്ങൾ ചുറ്റുഭാഗത്തും കിടങ്ങുകൾ കുഴിച്ചു വെച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇതാരാണ് പറഞ്ഞുതന്നതെന്ന് എനിക്ക് മനസ്സിലായെങ്കിൽ! ഞങ്ങൾ തിരിച്ചുപോവുകയാണെങ്കിൽത്തന്നെ ഓർത്തു കൊള്ളുക! ഉഹുദ് യുദ്ധത്തിന്റെ ദിവസം ഒരിക്കൽക്കൂടി നിങ്ങളെ ഓർമപ്പെടുത്തുകയാണ്, അന്ന് നിങ്ങളുടെ സ്ത്രീകളെയും അരിഞ്ഞു വീഴ്ത്തുന്നതായിരിക്കും.' ഈ കത്ത് നബിﷺതിരുമേനിയ്ക്ക് അയച്ചു കൊടുത്തു.

അതിനു മറുപടിയായി നബിﷺതിരുമേനി അബൂസുഫിയാന് ഒരു കത്തെഴുതി: 'നിങ്ങളുടെ കത്ത് കിട്ടി. എനിക്കറിയാം നിങ്ങൾ അല്ലാഹുവിന്നെതിരിൽ അഹങ്കാരത്തിലാണുള്ളത്. നിങ്ങൾ മദീനയ്ക്കുമേൽ അതിശക്തമായ സൈന്യത്തെയും കൊണ്ട് ആക്രമിക്കുമെന്നും അങ്ങനെ ഞങ്ങളുടെ പേരും ചൂരും ഇല്ലാതാക്കുമെന്നും ശപഥം ചെയ്തതായും പറയുന്നു. പക്ഷേ, ഇത് അല്ലാഹുവിന്റെ കൽപ്പനയാണ്. അത് നിന്റെ നീചമായ ലക്ഷ്യത്തിന്നിടയിൽ തടസ്സമായി നിൽക്കുന്നു. നിനക്ക് അതിനുള്ള അവസരം കിട്ടിയില്ല.' തുടർന്നെഴുതി: 'അവൻ തന്റെ തീരുമാനമെടുക്കുമ്പോൾ നിങ്ങളുടെ ലാത്തയുടെയും ഉസ്സയുടെയും പേരുകൾ പോലും നിങ്ങൾ മറന്നു പോകുന്നതായിരിക്കും. കിടങ്ങ് കുഴിക്കാൻ ആരാണ് എന്നോടു പറഞ്ഞതെന്ന് താങ്കൾ ചോദിക്കുന്നു. ഫ ഇന്നല്ലാഹ അൽഹമനീ ദാലിക്ക ഈ മാർഗം അല്ലാഹു ഇൽഹാം

ശേഷം പേജ് 8 ൽ

പേജ് 1 ൽ നിന്ന്

രിച്ചല്ല ഉണ്ടാകുന്നത്. അവരിരുവർക്കും എത്ര ആവശ്യങ്ങളുണ്ടെന്നാണ് നോക്കുക. ആ ആവശ്യങ്ങളിൽ അവർ എത്രത്തോളം ത്യാഗം ചെയ്തു. അല്ലെങ്കിൽ ഇരുവർക്കും ദാനം ചെയ്യാനുള്ള എന്തു വികാരമാണുണ്ടായത്. അവയിൽ കൂടുതൽ മെച്ചപ്പെട്ടത് ഏതാണ്. പ്രതിഫലം ഈ അടിസ്ഥാനമനുസരിച്ച് കിട്ടുമ്പോൾ ബാഹ്യമായ മാറ്റങ്ങളുണ്ടായിട്ടും ആർക്കും ഒരു നഷ്ടവുമുണ്ടാകുന്നില്ല. എപ്രകാരം വെറും മൃഗബലികൾ ഒരു ഫലവുമെത്തിക്കാതെ വരുമ്പോൾ, അല്ലാഹുവിനുവേണ്ടി ഏതൊരു ആത്മാർഥത അനുസരിച്ചാണോ ബലികഴിക്കുന്നത് ആ ആത്മാർഥതയാണ് അല്ലാഹുവിനെത്തുന്നത്. ബലി ചെയ്യാൻ പ്രേരിപ്പിച്ച ദൈവസ്നേഹമാണ് അവനെത്തുന്നത്. ആരുടെ പക്കലാണോ തഖ്‌വാ അഥവാ ഭക്തിയുള്ളത് അവന്റെ എട്ടണപോലും ആ തഖ്‌വയില്ലാത്ത മനുഷ്യന്റെ നൂറു രൂപയെക്കാൾ മൂല്യവത്തായിരിക്കും. കാരണം വിശുദ്ധ ഖുർആൻ ഈ അടിസ്ഥാനപരമായ കാര്യം വിവരിക്കുന്നുണ്ട്. അതായത് അല്ലാഹു മാംസവും രക്തവും നോക്കാറില്ല. ബലികഴിക്കുന്നവന്റെ നിയ്യത്ത് അഥവാ ഉദ്ദേശ്യമാണ് നോക്കുന്നത്. ഒരു സമ്പന്നന് നിഷ്പ്രയാസം 100 ഒട്ടകത്തേയോ 100 കാട്ടാടിനേയോ അല്ലാഹുവിന്റെ വഴിയിൽ ബലി കൊടുക്കാൻ കഴിയും. പക്ഷേ, ഒരു ദരിദ്രൻ ബലി നടത്താൻവേണ്ടി വർഷം മുഴുവൻ പണം കൂട്ടികൂട്ടി വെക്കുന്നു. അവൻ തന്റെ കൈയിൽ ഇത്രപണമുണ്ടായിരുന്നെങ്കിൽ, താനൊരിക്കൽ പെരുന്നാളിന്റെ അവസരത്തിൽ ബലിയറുത്ത് അതിന്റെ കുറച്ചുമാംസം അല്ലാഹുവിന്റെ വഴിയിൽ വിതരണം ചെയ്യുകയും തന്റെ കൂട്ടുകാർക്ക് സമ്മാനമായി കൊടുക്കുകയും ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന വിചാരത്തോടെ ഓരോ ദിവസവും കഴിച്ചു കൂട്ടുകയും ചെയ്യുന്നു. വർഷം മുഴുവനുമുള്ള കഠിനപ്രയത്നത്തിനുശേഷം നിസ്സാരമായൊരു ആടോ കാട്ടാടോ ബലിയറുക്കുന്നു. അപ്പോൾ അയാൾ ചെയ്ത നിസ്സാരമായൊരു ആടിന്റെ അല്ലെങ്കിൽ കാട്ടാടിന്റെ ബലി അല്ലാഹു നിഷേധിക്കുമെന്നും ആ സമ്പന്നന്റെ തടിച്ചതും കൊഴുത്തതുമായ കാട്ടാടിന്റെ ബലി സ്വീകരിക്കുമെന്നും നിങ്ങൾ കരുതുന്നുണ്ടോ? എന്നാൽ, അല്ലാഹുവിന്റെ തീരുമാനം മാനുഷികമായ കർമങ്ങളായിരിക്കുകയില്ല. പ്രത്യുത അവൻ പറയുന്നു:യനാലുഹുത്തഖ്‌വാ മിൻകും അല്ലാഹുവിന്റെ തിരുസന്നിധയിൽ ബലിയുടെ മാംസവും രക്തവും എത്തുന്നില്ല, പ്രത്യുത നിങ്ങളുടെ മാനസികമായ വികാരമാണ് അവനിലെത്തുന്നത്. അതായത് അവയനുസരിച്ചാണ് വിധിയുണ്ടാകുന്നത്. അവന്റെയടുക്കൽ മാംസവും രക്തവുമെത്തുമായിരുന്നെങ്കിൽ അവൻ നല്ലമാംസം ഇഷ്ടപ്പെടുമായിരുന്നു. അവൻ ധാരാളം രക്തമൊഴുക്കപ്പെട്ട ബലികൾ സ്വീകരിക്കുമായിരുന്നു. എന്നാൽ, അവൻ പറയുന്നു:നമ്മുടെയടുക്കൽ ആ വസ്തുക്കളിൽനിന്ന് ഒന്നുംതന്നെ എത്തുന്നില്ല. നമ്മുടെയുടക്കലെത്തുന്നത് ആ ബലിയുടെ പിന്നിലുള്ള നിയ്യത്ത് അഥവാ ഉദ്ദേശ്യമാണ്. ഒരു ചെറിയ കാട്ടാടിനെ അറുക്കുന്നവന്റെ നിയ്യത്ത് വളരെ ഉന്നതവും, 200 വലിയ വലിയ കാട്ടാടിനെ അറുത്തവന്റെ നിയ്യത്ത് അതിനോടു കിടപിടിക്കുന്നതുമല്ലെങ്കിൽ, ആത്മാർഥതയോടെ അറുക്കാത്തവന്റെ കൂടെ ഖിയാമത്തുന്നാൾ ആ 200 ആടുകളുണ്ടാകുകയില്ല. ഒരു ചെറിയ കാട്ടാടായിരിക്കുമുണ്ടാകുക. ആരാണോ ആത്മാർഥതയോടും സ്നേഹത്തോടുംകൂടി ഒരു ചെറിയ കാട്ടാടിനെ അറുത്തത് ഖിയാമത്തുന്നാൾ അവനോടൊപ്പം ചെറിയ കാട്ടാട് ഉണ്ടായിരിക്കുകയില്ല. പ്രത്യുത ആയിരക്കണക്കിന് തടിച്ചതും കൊഴുത്തതുമായ കാട്ടാടുകളായിരിക്കുമുണ്ടാകുക. കാരണം ആ ലോകത്ത് സകലവസ്തുക്കളും നിയ്യത്തിന് വിധേയമായിരിക്കും. ഇങ്ങനെയാണ് ആത്മീയമായ വീക്ഷണത്തിൽ ബലികളുടെ യാഥാർഥ്യം വിവരിക്കപ്പെട്ടിട്ടുള്ളത്. ഭൗതികമായ നിലയിൽ ചിന്തിച്ചുനോക്കുക. എന്നാൽ, നിങ്ങൾക്ക് മനസ്സിലാകും അല്ലാഹു എത്രമാത്രം വസ്തുക്കൾ ലോകത്ത് സൃഷ്ടിച്ചിട്ടുണ്ടോ അവയിലോരോന്നിനും ഓരോ തൊലിയുണ്ടാകും. തൊലിപൊതിഞ്ഞിട്ടില്ലാത്തതായ ഒരു തലച്ചോറും ലോകത്തില്ല. ഇതേ അവസ്ഥതന്നെയാണ് ആത്മീയ മായ കർമങ്ങളുടേതും. ഉദാഹരണത്തിന് നമസ്കാരത്തിലെ നിൽപ്പും ഇരുത്തവും റുക്കൂഉം സുജൂദും ഒരു തോലാണ്. പക്ഷേ, ആ നിൽപ്പിന്റേയും ഇരുത്തത്തിന്റേയും റുക്കൂഇന്റേയും സുജൂദിന്റേയും ഫലമായുണ്ടാകുന്നത് തലച്ചോറാണ്. ബലികളിലും ഏതെങ്കിലും മൃഗത്തെ അറുക്കുക എന്നത് ഒരു തൊലിയാണ്. പക്ഷേ ആ ബലിയുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആത്മാർഥത തലച്ചോറാണ്.അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് നിങ്ങളുടെ ബലിയുടെ മാംസവും രക്തവും അല്ലാഹുവിന്റെ അടുത്ത് എത്തുന്നില്ലെന്ന്. പ്രത്യുത നിങ്ങളുടെ തഖ്‌വാ അഥവാ ഭയഭക്തി അല്ലാഹുവിന്റെ അടുത്തെത്തുന്നു.

ഭയഭക്തിതന്നെയാണ് ആവശ്യമെങ്കിൽ മൃഗങ്ങളെ എന്തിനാണ് ബലികഴിക്കുന്നതെന്ന് ആരെങ്കിലും ചോദിച്ചേക്കാം. അതിനുള്ള മറുപടി ഇതാണ്: എല്ലാ തലച്ചോറും തൊലിയുള്ളതാണ്. രണ്ടാമത്തെ മറുപടി അത് നിരർഥമായ വസ്തു അല്ലെന്നുള്ളതാണ്. പ്രത്യുത ദരിദ്രന്മാർക്ക് പ്രയോജനപ്പെടുന്ന വസ്തുവാണ്. കാരണം ദരിദ്രർ സാധാരണ ആ ശക്തി വർധിപ്പിക്കുന്ന വസ്തുക്കളിൽനിന്ന് പിന്തള്ളപ്പെട്ടുപോകാറുണ്ട്. അതുകൊണ്ട് അല്ലാഹു ഇത്തരത്തിലുള്ള ഒരു സ്വദഖ അഥവാ ദാനവും തുടങ്ങി.ഇതിൽ മൃഗങ്ങൾ അറുക്കപ്പെടുന്നു. ദരിദ്രജനങ്ങളുടെ മനസ്സും വിഷമിക്കാതിരിക്കുകയും അവരും ആ ശക്തിവർധിക്കുന്ന ഭക്ഷണങ്ങളിൽനിന്ന് സാമ്പത്തിക ഞെരുക്കംകൊണ്ട് പിന്തള്ളപ്പെടാതിരിക്കനുംവേണ്ടിയാണിത്. പറയുന്നു: അല്ലാഹു ഈ ബലികർമങ്ങളിലൂടെ നിങ്ങൾക്ക് ഉടമസ്ഥാവകാശം നല്കിയിട്ടുള്ളത് നിങ്ങൾ അല്ലാഹുവിന്റെ മാർഗനിർദേശമനുസരിച്ച് അവയുടെമേൽ അല്ലാഹുവിന്റെ പേരുചൊല്ലിക്കൊണ്ടിരിക്കുന്നതിനാണ്. ദരിദ്രരെ പരിപാലിച്ചുകൊണ്ടിരിക്കുന്നതിനാണ്. ഓർത്തുകൊള്ളുവിൻ! ആരാണോ അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്നത് അവർക്ക് വലിയ വലിയ സമ്മാനങ്ങൾ ലഭിക്കുന്നു.' *(തഫ്സീർ കബീർ വാല്യം 6, പേജ് 58, പ്രസാധനം ഖാദിയാൻ 2010)*


**• ഹദീഥുന്നബ്‌വി(സ) •**

**"അദ്ദാലു അലൽഖയ്‌രി കഫായിലിഹീ."**
**നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

**"യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി."**
**വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

ലേഖനം

# സൂറഃ ഫാത്വിഹയുടെ നാമങ്ങൾ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

(കഴിഞ്ഞലക്കം തുടർച്ച.....)

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

എന്നാൽ, അല്ലാഹുവിന്റെ മിത്രങ്ങൾക്ക്-വൊലിയുമാർക്കുണ്ടാകുന്ന അമൃതഭാഷണത്തിന് ഈ വലിയ ആവശ്യം ഉണ്ടാകണമെന്നത് നിർബന്ധമല്ല. പ്രത്യുത ചില ഘട്ടങ്ങളിൽ ഏതെങ്കിലും ബുദ്ധിമുട്ടിന്റേയും വിഷമത്തിന്റേയും നേരത്ത് വലിയ്യുമാരുടെ മനസ്സിനെ ക്ഷമയുടേയും സ്ഥൈര്യത്തിന്റേയും വസ്ത്രത്തിൽ അലങ്കരിച്ചാൽ മതിയാകും. ദുഃഖവും സങ്കടവും വർധിക്കുമ്പോൾ ഏതെങ്കിലും സുവാർത്ത ആ വ്യക്തിക്കു നല്കപ്പെടും.

പക്ഷേ, ആ സമ്പൂർണവും പരിശുദ്ധവുമായ ഗ്രന്ഥം നാം വിവരിച്ചതുപോലെ നബിമാർക്കും റസൂൽമാർക്കും ഇറങ്ങുന്നത് അതിന്റെ യഥാർഥ ആവശ്യമുണ്ടാകുമ്പോഴാണ്. അതിന്റെ ഇറക്കത്തിന്റെ ശക്തമായ ആവശ്യം ദൈവസൃഷ്ടിക്ക് അനിവാര്യമായിത്തീരേണ്ടതുണ്ട്.*(തഫ്സീർ വാള്യം 1, പേജ് 30-31)*

വെളിച്ചം ലവലേശമില്ലാത്ത ഇരുൾമുറ്റിയ രാത്രി കാണുമ്പോൾ ഹിലാലിന്റെ പിറവി അടുത്തിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. ഇപ്രകാരം അധർമത്തിന്റെ അന്ധകാരം ശക്തമായ നിലയിൽ ലോകത്തിനുമേൽ അതിജയിക്കുമ്പോൾ, ആത്മീയ ചന്ദ്രന്റെ ഉദയം വളരെ സമീപസ്ഥമായിരിക്കുന്നുവെന്ന് ഉൽബുദ്ധരായവർ മനസ്സിലാക്കുന്നു. അതുപോലെതന്നെ വരൾച്ചകൊണ്ട് ജനങ്ങളുടെ അവസ്ഥ നാശകരമാകുമ്പോൾ കാരുണ്യത്തിന്റെ വർഷവും വളരെ അടുത്തിരിക്കുന്നതായി മനസ്സിലാക്കുന്നു. അല്ലാഹു തന്റെ ഭൗതിക നിയമത്തിലും ചില മാസങ്ങൾ മഴക്കാലമായി നിശ്ചയിച്ചു വെച്ചിട്ടുണ്ട്. യഥാർഥത്തിൽ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് മഴയുടെ ആവശ്യമുണ്ടാകുന്ന മാസങ്ങളാണത്. ആ മാസങ്ങളിൽ മഴ വർഷിക്കുന്നു. ആ മാസങ്ങളിൽ ജനങ്ങൾ പ്രത്യേകിച്ച് കൂടുതൽ നന്മ ചെയ്യുന്നുവെന്നോ മറ്റുമാസങ്ങളിൽ കുഴപ്പങ്ങളിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ടിരിക്കുന്നുവെന്നോ ആരും ധരിക്കാറില്ല. പ്രത്യുത ആ മാസങ്ങളിൽ കർഷകർക്ക് മഴയുടെ ആവശ്യമുണ്ടെന്നും, ആ മാസങ്ങളിൽ മഴയുണ്ടാകുന്നത് വർഷം മുഴുവനും പച്ചപ്പിന് നിമിത്തമാണെന്നും മനസ്സിലാക്കേണ്ടതാണ്. ഏതെങ്കിലും വ്യക്തിയുടെ പരിശുദ്ധിയും ഭക്തിയുംകൊണ്ടല്ല ദൈവഗ്രന്ഥം ഇറങ്ങുന്നത്. അതായത് ആ ഗ്രന്ഥം ഇറങ്ങുന്നതിന്റെ അടിസ്ഥാനപരമായ കാരണം ഏതെങ്കിലും വ്യക്തി അങ്ങേയറ്റം പവിത്രനും ശുദ്ധഹൃദയനുമായതുകൊണ്ടല്ല. പ്രത്യുത നാം പലപ്രാവശ്യം എഴുതിക്കഴിഞ്ഞതുപോലെ ദൈവഗ്രന്ഥത്തിന്റെ ഇറക്കത്തിന്റെ യഥാർഥ നിമിത്തം എന്നു പറയുന്നത് സത്യമായ ആവശ്യകതയാണ്. അതായത് അന്ധകാരവും കൂരിരുട്ടും ലോകത്ത് വ്യാപിക്കുമ്പോൾ വെളിച്ചം ഇറങ്ങി ആ കൂരിരുട്ടിനെ അകറ്റുന്നതിന് അത് ഒരു ദൈവപ്രകാശത്തെ തേടുന്നു. അതിലേക്കുള്ള അതിസൂക്ഷ്മമായ സൂചനയാണ് ഇന്നാ അൻസൽനാഹു ഫീ ലയ്‌ലത്തിൽ ഖദ്ർ എന്ന് അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്. ലയ്‌ലത്തുൽ ഖദ്ർ അതിന്റെ പ്രസിദ്ധമായ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മഹത്തായ രാത്രിയാണെങ്കിലും വിശുദ്ധ ഖുർആനിന്റെ സൂചനയിൽനിന്ന് മനസ്സിലാകുന്നത് ലോകത്തിന്റെ അന്ധകാരനിബിഢമായ അവസ്ഥയും അതിന്റെ നിഗൂഢമായ ഗുണങ്ങളും ലയ്‌ലത്തുൽഖദ്റിന്റെ കല്പന ഉൾക്കൊള്ളുന്നു എന്നാണ്. ആ അന്ധകാര നിബിഢമായ അവസ്ഥയുടെ ദിനങ്ങളിൽ സത്യസന്ധതയ്ക്കും സഹനത്തിനും സ്വാത്മപരിത്യാഗത്തിനും ആരാധനയ്ക്കും അല്ലാഹുവിന്റെ പക്കൽ വലിയ വിലയാണുള്ളത്. അതേ, അന്ധകാരമയമായ അവസ്ഥയായിരുന്നു നബിﷺതിരുമേനി നിയോഗിതനായ നേരത്ത്. അത് പാരമ്യതയിലെത്തുകയും ഒരു പ്രകാശത്തിന്റെ ഇറക്കം ആഗ്രഹിക്കുകയും ചെയ്തു. ആ ഇരുൾമുറ്റിയ അവസ്ഥകണ്ട് അന്ധകാരം ബാധിച്ച ദാസരുടെമേൽ കരുണ ചെയ്ത് റഹ്മാനിയ്യത്ത് എന്ന സ്വിഫത്ത് അലയടിച്ചുയരുകയും ദിവ്യാനുഗ്രഹങ്ങൾ ഭൂമിയിലേക്ക് ശ്രദ്ധ ചെലുത്തുകയും ചെയ്തു. അങ്ങനെ അന്ധകാര നിബിഢമായ അവസ്ഥ ലോകത്തിന് അനുഗൃഹീതമായിത്തീർന്നു. ലോകം മഹത്തായ കാരുണ്യത്തിന്റെ വിഹിതമാണ് അതിൽനിന്ന് പ്രാപിച്ചത്. അതായത് സമ്പൂർണമനുഷ്യനും ദൈവദൂതന്മാരുടെ നേതാവും (സയ്യിദുർറുസുൽ)-അദ്ദേഹത്തെ പോലെ ആരും ജനിച്ചിട്ടില്ല, ഇനി ജനിക്കുകയുമില്ല-ലോകത്തിന്റെ സന്മാർഗത്തിനുവേണ്ടി വരികയും ആ പ്രശോഭിക്കുന്ന ഗ്രന്ഥം ലോകത്തിനുവേണ്ടി കൊണ്ടുവരികയും ചെയ്തു. അതിന് തുല്യമായിട്ടൊന്ന് ഒരു കണ്ണും കണ്ടിട്ടില്ല. അത് അല്ലാഹുവിന്റെ സമ്പൂർണമായ റഹ്മാനിയ്യത്തിന്റെ അതിമഹത്തായൊരു തേജോവിലാസമായിരുന്നു. അത് അന്ധകാരത്തിന്റേയും കൂരിരുട്ടിന്റേയും നേരത്ത് അതിമഹത്തായ പ്രകാശമിറക്കി. അതിന്റെ പേരാണ് ഫുർഖാൻ; അത് സത്യവും അസത്യവും തമ്മിൽ വേർതിരിക്കുന്നു. ഭൂമി ആത്മീയമരണം മരിച്ചു കഴിഞ്ഞ നേരത്താണ് സത്യത്തെ നിലനിറുത്തുന്നതും അസത്യത്തെ ഇല്ലാതാക്കുന്നതുമാക്കി കാണിച്ച ആ ഗ്രന്ഥം ഇറങ്ങിയത്. കരയിലും കടലിലും ദുസ്സഹമായ കുഴപ്പങ്ങൾ അരങ്ങേറി കഴിഞ്ഞിരുന്നു. അപ്പോൾ അതിറങ്ങി ***ഇഅ്ലമൂ അന്നല്ലാഹ യുഹ്‌യിൽഅർള ബഅ്ദ മൗത്തിഹാ*** എന്ന് അല്ലാഹു സൂചിപ്പിച്ച ആ ജോലി ചെയ്തു കാണിച്ചു. ഭൂമി മരിച്ചു കഴിഞ്ഞിരുന്നു. ഇപ്പോൾ അല്ലാഹു അതിനെ അടിമേൽ പുതിയരീതിയിൽ ജീവിപ്പിക്കുന്നു. ഭൂമിയെ ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള വിശുദ്ധ ഖുർആന്റെ ഈ ഇറക്കം, റഹ്മാനിയ്യത്ത് എന്ന സവിശേഷ ഗുണത്തിന്റെ അളവറ്റ താൽപര്യ പ്രകടനത്താലാണുണ്ടായത്. അതേ സ്വിഫത്തുതന്നെയാണ് ചിലപ്പോൾ ഭൗതികമായ നിലയിൽ അലയടിച്ചുയർന്ന് വരൾച്ച ബാധിതരുടെ വിവരങ്ങൾ ശേഖരിച്ച് കാരുണ്യത്തിന്റെ മഴ വരണ്ടുവിണ്ടുകീറിയ ഭൂമിയിൽ വർഷിക്കുന്നത്. അതേ സ്വിഫത്താണ് ചിലപ്പോൾ ആത്മീയമായ നിലയിൽ അലയടിച്ചുയർന്ന് വഴികേടിനും മാർഗഭ്രംശത്തിനും വശംവദരായി, അസഹനീയ വിശപ്പും കൊടുംദാഹവും കൊണ്ട് മരണത്തോടടുത്തവരുടെ അവസ്ഥയിൽ കരുണകാണിക്കുന്നത്. ആത്മീയ ജീവിതത്തിന് നിമിത്തമാകുന്നതും എന്നാൽ, അവരുടെ കൈയിലില്ലാത്തതുമായ സത്യത്തിന്റേയും സത്യസാക്ഷ്യത്തിന്റേയും ഭക്ഷണം റഹ്മാനായ അല്ലാഹു, ഭൗതിക ശരീരത്തിന് ആവശ്യമുള്ള നേരത്ത് ഭൗതികമായ ഭക്ഷണം നല്കുന്നതുപോലെ തന്റെ സമ്പൂർണ കാരുണ്യത്തിന്റെ തേട്ടംകൊണ്ട്, വലുതായ ആഗ്രഹംകൊണ്ട് ആത്മീയമായ ഭക്ഷണവും ആവശ്യമുള്ള നേരത്ത് ലഭ്യമാക്കുന്നു. അല്ലാഹുവിന്റെ കലാം അല്ലാഹു ഇഷ്ടപ്പെടുന്ന പുണ്യാത്മാക്കളിലാണ് ഇറങ്ങുന്നത്. അതു ശരിതന്നെയാണ്. അല്ലാഹു അവനിഷ്ടപ്പെടുന്നവരുമായി സംസാരിക്കുന്നു. എന്നാൽ, ആരെയാണോ അല്ലാഹു ഇഷ്ടപ്പെടുകയും ആരിലാണോ സന്തോഷിക്കുകയും ചെയ്യുന്നത് അവനിൽ അനാവശ്യമായി, ആവശ്യമൊന്നുമില്ലാത്ത നേരത്ത് ദൈവഗ്രന്ഥം ഇറക്കുമെന്നതൊരിക്കലും ശരിയല്ല. അനാവ

• ഹദീഥുന്നബ്‌വി(സ) •

"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'

ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി(സ) •

"സിൻ വർജിഹ്."

അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ശ്യമായി ആരുടെയെങ്കിലും പരിശുദ്ധി കാരണത്താൽ നിർബന്ധവും അനശ്വരവുമായ നിലയിൽ അവനോടു അനുസ്യൂതം സംസാരിച്ചുകൊണ്ടിരിക്കുമെന്നതും ശരിയല്ല. മറിച്ച് അല്ലാഹുവിന്റെ ഗ്രന്ഥം ഇറങ്ങുന്നത് യഥാർഥത്തിൽ അതിന്റെ ഇറക്കം ആവശ്യമുള്ളപ്പോഴാണ്. പറഞ്ഞതിന്റെ ചുരുക്കം, വഹ്‌യുല്ലാഹ്–അല്ലാഹുവിന്റെ വെളിപാടിന്റെ ഇറക്കത്തിന്റെ യഥാർഥ നിമിത്തം അവന്റെ റഹ്മാനിയ്യത്താണ്. ഏതെങ്കിലും കാർമികന്റെ കർമമല്ല. ഇത് മഹത്തായൊരു സത്യസാക്ഷ്യമാണ്. നമ്മുടെ എതിരാളിയായ ബ്രഹ്മസമാജക്കാർ തുടങ്ങിയവർ ഇതിൽ അജ്ഞരാണ്.(പേജ്32)

ഏതെങ്കിലും ഒരു മനുഷ്യൻ ദൈവഗ്രന്ഥത്തിന്റെ കൃപാതിരേകംകൊണ്ട് യഥാർഥത്തിൽ ഭരിതമാവുക എന്നതും അതിന്റെ ബർക്കത്തുകളിൽനിന്നും പ്രകാശങ്ങളിൽനിന്നും ഫലമെടുത്ത് ലക്ഷ്യസ്ഥാനംവരെ എത്തുക എന്നതും തന്റെ അധ്വാനത്തിന്റേയും പരിശ്രമത്തിന്റേയും ഫലം കരസ്ഥമാക്കുക എന്നതും റഹീമിയ്യത്ത് എന്ന സ്വിഫത്തിന്റെ സഹായത്താലാണ് നിലവിൽ വരുന്നതെന്ന് മനസ്സിലാക്കേണ്ടതാണ്. ഇക്കാരണത്താൽ അല്ലാഹു റഹ്മാനിയ്യത്തിന്റെ സ്വിഫത്ത് പറഞ്ഞതിനുശേഷം സ്വിഫത്തെ റഹീമിയ്യത്ത് വിവരിച്ചു; മനുഷ്യാത്മാക്കളിലുള്ള ദൈവഗ്രന്ഥത്തിന്റെ സ്വാധീനങ്ങൾ റഹീമിയ്യത്ത് എന്ന സ്വിഫത്തിന്റെ സ്വാധീനഫലമാണെന്ന് മനസ്സിലാകാൻ. എത്രത്തോളം ഒരാൾ ബാഹ്യവും അർഥപരവുമായ സാധനസാമഗ്രികളിൽനിന്ന് പരിശുദ്ധമാകുന്നുവോ, എത്രത്തോളം ഒരാളുടെ മനസ്സിൽ ആത്മാർഥതയും സത്യസന്ധതയും ഉണ്ടാകുന്നുവോ, എത്രത്തോളം ഒരാൾ കഠിനാധ്വാനംകൊണ്ട് പിൻപറ്റൽ അല്ലെങ്കിൽ അനുഗമനം സ്വായത്തമാക്കുന്നുവോ അത്രത്തോളം ദൈവഗ്രന്ഥത്തിന്റെ സ്വാധീനം അവന്റെ മനസ്സിലുണ്ടാകുന്നു. അത്രത്തോളം അതിന്റെ വെളിച്ചങ്ങളിൽനിന്ന് അയാൾ ഫലമെടുക്കുകയും ദൈവസവിധത്തിൽ സ്വീകാര്യരായിട്ടുള്ളവരുടെപ്രത്യേകമായ അടയാളം അയാളിലുണ്ടാകുകയും ചെയ്യുന്നു.

രണ്ടാമത്തെ സത്യസാക്ഷ്യം, **ബിസ്മില്ലാഹിർ റഹ്മാനിർറഹീമിൽ** നിക്ഷേപിച്ചിട്ടുള്ള സത്യസാക്ഷ്യം, ഈ ആയത്ത് വിശുദ്ധ ഖുർആൻ ആരംഭിക്കുന്നതിന് ഇറങ്ങി എന്നതാണ്. ഇതു ഓതുന്നതുകൊണ്ടുള്ള ഉദ്ദേശ്യം എല്ലാ സ്വിഫ്ത്തുകളുടേയും സമുച്ചയമായ ആ സത്തയോടു സഹായം തേടുക എന്നതാണ്. അവന്റെ സ്വിഫ്ത്തുകളിലൊന്ന് റഹ്മാൻ എന്നതാണ്. സത്യാന്വേഷകനുവേണ്ടി കൃപയും ഔദാര്യവും ഒന്നുകൊണ്ടുമാത്രം നന്മയുടേയും അനുഗ്രഹത്തിന്റേയും സദാചാരമാർഗത്തിന്റേയും കാര്യഹേതുക്കൾ ഉണ്ടാക്കിക്കൊടുക്കുന്നു. രണ്ടാമത്തെ സ്വിഫ്ത്ത് എന്നു പറയുന്നത് റഹീം ആകുന്നു. അതായത് അധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവന്റെ പരിശ്രമങ്ങളെ പാഴാക്കിക്കളയുന്നില്ല. മറിച്ച് അവരുടെ അത്യധ്വാനങ്ങളിൽ സൽഫലങ്ങൾ ക്രമീകരിക്കുന്നു. അവരുടെ അത്യധ്വാനത്തിന്റെ ഫലം അവർക്ക് നല്കപ്പെടുന്നു. ഈ രണ്ടു സ്വിഫത്തും അതായത് റഹ്മാനിയ്യത്തും റഹീമിയ്യത്തും എങ്ങനെയുള്ളതാണെന്നാൽ അവകൂടാതെ ദുൻയാവിലേയോ ദീനിലേയോ ഒരു ജോലിയും അവസാനത്തിൽ എത്തുകയില്ല. (പൂർണമാകുകയില്ല). ചിന്തിച്ചുനോക്കുകയാണെങ്കിൽ ദുൻയാവിലെ ഏതു പദ്ധതികളും നിറവേറ്റുന്നതിന് ഈ രണ്ടു സ്വിഫ്ത്തും എല്ലായിപ്പോഴും എല്ലാ നിമിഷവും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് മനുഷ്യൻ ജനിക്കുന്നതിനുമുമ്പേ വെളിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. മനുഷ്യശക്തിക്കതീതമായിട്ടുള്ള ഒരുപാട് ഒരുപാട് കാര്യഹേതുക്കൾ ആ റഹ്മാനിയ്യത്ത് മനുഷ്യന് എത്തിക്കുന്നു. അവയെ ഏതെങ്കിലും തന്ത്രങ്ങൾകൊണ്ടോ പ്രയത്നങ്ങൾകൊണ്ടോ അവന് കരസ്ഥമാക്കാൻ സാധിക്കുകയില്ല. ആ കാര്യഹേതുക്കൾ ഏതെങ്കിലും കർമത്തിന്റെ പകരമായല്ല നല്കപ്പെടുന്നത്. പ്രത്യുത കൃപയുടേയും ഔദാര്യത്തിന്റേയും വഴിയിലൂടെ പ്രദാനം ചെയ്യപ്പെടുകയാണ്. നബിമാരുടെ ആഗമനമുണ്ടാകുക, ഗ്രന്ഥങ്ങളുടെ ഇറക്കമുണ്ടാകുക, മഴപെയ്യുക, സൂര്യനും ചന്ദ്രനും വായുവും കാർമേഘം തുടങ്ങിയവ അവരവരുടെ പണിയിൽ ഏർപ്പെടുകയും മനുഷ്യൻതന്നെയും പല രീതിയിലുള്ള ശക്തികളിലും കഴിവുകളിലും വിഭൂഷിതനായി ഈ ലോകത്ത് വരുന്നതും ആരോഗ്യത്തോടും ശാന്തിയോടും സൗകര്യത്തോടും ഒരു ദീർഘകാലംവരെ ജീവിച്ചിരിക്കുന്നതും തുടങ്ങി ഈ എല്ലാ കാര്യങ്ങളും റഹ്മാനിയ്യത്ത് എന്ന സ്വിഫത്തിന്റെ തേട്ടത്തിൽനിന്നാണ് പ്രത്യക്ഷത്തിൽ വരുന്നത്. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ റഹീമിയ്യത്ത് വെളിവാകുന്നത് മനുഷ്യൻ എല്ലാ തൗഫീഖുകളും പ്രാപിച്ച് ദൈവദത്തമായ കഴിവുകൾകൊണ്ട് ഏതെങ്കിലും കർമം ചെയ്യാൻ തുടങ്ങുമ്പോഴാണ്. എത്രത്തോളം ബലവും കഴിവും ശക്തിയുമുണ്ടോ അവയെല്ലാം മനുഷ്യൻ ചെലവഴിക്കുമ്പോൾ അവന്റെ പരിശ്രമങ്ങൾ പാഴായിപ്പോകാൻ വിടാത്തവിധം ദൈവികനടപടിയുണ്ടാകുന്നു. എന്നല്ല ആ പരിശ്രമങ്ങളുടെ

ശേഷം പേജ് 11 ൽ

പേജ് 6 ൽ നിന്ന്

മുഖേന എന്നെ അറിയിച്ചതാണ്. ഇത് നിങ്ങളുടെയും കൂട്ടുകാരുടെയും കോപതാപങ്ങൾ വർധിച്ചപ്പോൾ അല്ലാഹു എന്നോടു പറഞ്ഞതാണ്.' തുടർന്നെഴുതി: 'കേട്ടുകൊള്ളുക! അവസാനം അല്ലാഹു ഞങ്ങളെ വിജയിപ്പിക്കുന്നതായിരിക്കും. അല്ലയോ ബനൂ ഗാലിബിന്റെ വിവരദോഷീ! ഒരു ദിവസം വരും,അന്ന് നിങ്ങളുടെ ലാത്തും ഉസ്സയും ഇസാഫും നായിലയും ഹുബുലും തുണ്ടം തുണ്ടമാക്കപ്പെടുന്നതാണ്. ആ ദിവസത്തിൽ ഇതെല്ലാം നിന്നെ ഞാൻ ഓർമിപ്പിക്കുന്നതായിരിക്കും.' *(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 364 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഖാത്തമുന്നബിയ്യീൻ, അബൂ സുഹ്റ വാല്യം 2, പേജ് 942, അൽമുഅ്ത്തമിറുൽആലമി)(അസ്സഹീഹു മിൻ സീറത്തിന്നബിയ്യിൽ അഅ്ളം സ്വല്ലല്ലാഹു അലയ്ഹിവസല്ലം, വാല്യം 10, പേജ് 197, അൽമർക്കസുൽഇസ്‌ലാമീ ലിദ്‌റാസാത്ത്, ബെയ്റൂത്ത് 2006)*

വളരെ വ്യക്തമായും അയാൾക്കെഴുതി, ഇൻശാ അല്ലാഹ് വിജയം ഞങ്ങളുടേതായിരിക്കും. നബി ﷺ തിരുമേനിയുടെ ഈ കത്തിൽനിന്ന് ഹദ്റത്ത് സൽമാനുൽഫാരിസി(റ) അഭിപ്രായം നൽകിയിരുന്നുവെങ്കിൽത്തന്നെ അതനുസരിച്ച് പ്രവർത്തിക്കാനുള്ള തീരുമാനം നബി ﷺ തിരുമേനി ഇൽഹാമിന്റെ അടിസ്ഥാനത്തിലാണ് എടുത്തത്. വല്ലാഹു അഅ്ലം. ഏതായാലും അദ്ദേഹത്തിന്റേയും അഭിപ്രായം ഉണ്ടായിരിക്കാം. പക്ഷേ, അല്ലാഹു ഇതു സംബന്ധിച്ച് അറിയിപ്പുനൽകുകയാണ് ചെയ്തത്. ബാക്കി വിശദീകരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇപ്പോൾ പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും പ്രത്യേകമായി ദുആ ചെയ്യാൻ ഓർക്കുക .പാക്കിസ്താനിലെ അഹ്മദികളും തങ്ങൾക്കുവേണ്ടി ദുആകളിൽ ശ്രദ്ധിക്കുക. സ്വദഖകൾ നൽകാനും ശ്രദ്ധിക്കുക. അല്ലാഹു അവരെ സംരക്ഷിക്കുകയും എതിരാളികളുടെ എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ദ്രോഹികളുടെ ദ്രോഹം അവരിലേക്കുതന്നെ തിരിക്കുമാറാകട്ടെ. മൊത്തത്തിൽ ലോകത്തിന്റെ നന്മയ്ക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ലോകത്തെയും എല്ലാ കുഴപ്പങ്ങ


• ഹദീഥുന്നബ്‌വി(സ) •

**"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."**

**ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി(സ) •

**"സയ്യിദുൽഖൗമി ഖാദിമുഹും."**

**സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 12 ൽ നിന്ന്

തന്റെ മാതാവുമായി വളരെ നല്ല ബന്ധങ്ങളാണുളളത്. എപ്പോഴും ബന്ധപ്പെടാറുണ്ട്. പക്ഷേ, താൻ പർദ ധരിക്കാറുണ്ട്. അതുകൊണ്ട് മാതാവ് എപ്പോഴും പറയും, നിന്റെ ജീവിതമെന്താണ്? നിനക്ക് ജോലിയൊന്നുമില്ല. ഒന്നുമില്ല. അപ്പോൾ ഞാനെങ്ങനെയാണ് അവരെ പറഞ്ഞ് മനസ്സിലാക്കുക?

ഹുദൂർ അൻവർ ചോദിച്ചപ്പോൾ അവർ പറഞ്ഞു: ഞാൻ അവിവാഹിതയാണ്. ഹുദൂർ പറഞ്ഞു: എന്നോടു അമേരിക്കയിൽവെച്ച് ആരോ ചോദിച്ചിരുന്നു, മുസ്ലിം സ്ത്രീകളെ നിർബന്ധിച്ച് ഹിജാബ് ധരിപ്പിക്കാറുണ്ടോ? ഇത് പീഢനമാണ്. അപ്പോൾ ഞാൻ പറഞ്ഞു:നിങ്ങൾ പർദധരിച്ചതിനുശേഷം രൂപംകൊണ്ട് നിങ്ങൾ ഡിപ്രസാണെന്ന് നിങ്ങൾക്കു തോന്നുകയാണെങ്കിൽ അപ്പോൾ അത് ഒപ്രസ്സാണ്. ഇല്ലെങ്കിൽ ഇല്ല. ഹിജാബ് ധരിച്ച് സന്തോഷവതിയാകുക.

ഖസാഖ്സ്താനിൽനിന്നുള്ള ഒരു സ്ത്രീ ഹുദൂറിനോടു അപേക്ഷിച്ചു, അവർ തന്റെ ഭർത്താവിനോടൊപ്പം ഹുദൂറുമായ കൂടിക്കാഴ്ച നടത്തിയതാണ്. ഹുദൂർ അദ്ദേഹത്തിന് സന്തോഷത്തോടെ ഒരു മോതിരം കൊടുത്തിരുന്നു. ആ നേരത്ത് അദ്ദേഹം തന്റെ സമ്മാനം നൽകാൻ മറന്നുപോയിരുന്നു. ഇപ്പോൾ അദ്ദേഹം ഹുദൂറിന്റെ സന്നിധിയിൽ തന്റെ സമ്മാനം അർപിക്കാനാഗ്രഹിക്കുന്നു. ഹൂദൂർ വളരെ സന്തോഷത്തോടെ അദ്ദേഹത്തിന്റെ സമ്മാനം സ്വീകരിച്ചു.

കഴിഞ്ഞ രണ്ടു വർഷമായി അഹ്മദിയായിട്ടുള്ള ഒരു ജർമൻസ്ത്രീ പട്രീക്ക സാഹിബ ഹുദൂറിനോടു തനിക്ക് ഇസ്ലാമിക പേരിടാൻ പറഞ്ഞു. ഹുദൂർ പട്രീക്കായുടെ അർഥം ചോദിച്ചു. അവർക്കതിന്റെ അർഥം അറിയില്ലായിരുന്നു. ഹുദൂർ അൻവർ അവർക്ക് ആലിയ എന്നു പേരിട്ടു.

തങ്ങളെങ്ങനെയാണ് തബ്ലീഗ് ചെയ്യേണ്ടതെന്ന് ഒരു സ്ത്രീ ചോദിച്ചു. അപ്പോൾ ഹുദൂർ പറഞ്ഞു: വ്യക്തിപരമായ ബന്ധങ്ങൾ വർധിപ്പിക്കുക. ജമാഅത്തിനെ പരിചയപ്പെടുത്തുക. നോട്ടീസുകൾ കൊടുക്കുക. ദുആ ചെയ്യുക.

ഫ്രാൻസിൽനിന്നു വന്ന ഒരു സ്ത്രീ പറഞ്ഞു: 5 വർഷം മുമ്പേ ഞാൻ പഠനം നിറുത്തിയതാണ്. ഇപ്പോൾ വീണ്ടും പഠിക്കാൻ തുടങ്ങിയിരിക്കുന്നു. ഞാൻ മാസ്റ്റേഴ്സ് ചെയ്യാനാഗ്രഹിക്കുന്നു.

ഹൂദൂർ പറഞ്ഞു: അല്ലാഹു നിങ്ങളെ സഹായിക്കട്ടെ.

സെനിഗളുമായി ബന്ധമുള്ള ഒരു സ്ത്രീ, അവർ ഫ്രാൻസിലാണ് താമസിക്കുന്നത് ഏതദേശം ഒരു മാസംമുമ്പേയാണ് ബയ്അത്ത് ചെയ്തത്. അവർ ഹുദൂറിനോടു തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഊറ വികാരഭരിതയായി പറഞ്ഞു: അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഞാൻ ഇസ്ലാമിന്റെ സൗന്ദര്യചിത്രം കണ്ടു.

പാക്കിസ്താനുമായി ബന്ധമുള്ള ഒരു നവഅഹ്മദി സ്ത്രീ പറഞ്ഞു: ജൽസയിൽ കണ്ടതും സമാധാനം കിട്ടിയതും വിവരിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. അവർ തന്റെ കുടുംബത്തിനുവേണ്ടി ദുആയ്ക്ക് അപേക്ഷിച്ചു.

ജർമനിൽ താമസിക്കുന്ന ഇന്ത്യയുമായി ബന്ധമുള്ള ഒരുസ്ത്രീ പറഞ്ഞു: അവരുടെ പേര് ചാന്ദ്നീ എന്നാണ്. അവരും ഹുദൂറിനോടു തനിക്ക് പേരിടാൻ പറഞ്ഞു. ഈ പേരുനല്ലതാണെന്ന് ഹുദൂർ അവരോടു പറഞ്ഞു. അവർ ഹുദൂറിനോടു തുഹ്ഫ നല്കാൻ അപേക്ഷിച്ചു. ഹുദൂർ അവർക്ക് പേന നല്കി. മറ്റു സ്ത്രീകൾക്കും ഹുദൂർ പേനകൾ സമ്മാനമായി നല്കി.

ഒരു ജർമൻസ്ത്രീ മരീന സാഹിബ ഹുദൂറിന്റെ സന്നിധിയിൽ തനിക്ക് ഇസ്ലാമിക പേരിടാൻ അപേക്ഷിച്ചു. ഹുദൂർ അവർക്ക് മാരിയ എന്ന് പേരിട്ടു. ഇവരും ഹുദൂറിൽനിന്ന് പേന സമ്മാനമായി സ്വീകരിച്ചു. ഒരു ജർമൻ സ്ത്രീ അലൻ ഹുദൂറിനോടു പേരിടാൻ അപേക്ഷിച്ചു. ഹുദൂർ അവർക്ക് നാസ്വിറ എന്ന് പേരിട്ടു.

ഒരു നവഅഹ്മദി സ്ത്രീ ഹുദൂറിനോടു തങ്ങൾക്കെങ്ങനെ നല്ല അഹ്മദിയാകാൻ സാധിക്കുമെന്ന് ചോദിച്ചു. ഹദൂർ പറഞ്ഞു:അല്ലാഹുവുമായി നിങ്ങളുടെ ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട്. നിങ്ങളുടെ നല്ല കർമപരമായ മാതൃക കാഴ്ചവെച്ചുകൊണ്ട്. സന്ദേശമെത്തിക്കാൻ നിങ്ങൾക്ക് നോട്ടീസ് വിതരണം ചെയ്യാവുന്നതാണ്.

ഒരു നവഅഹ് മദി സ്ത്രീ പറഞ്ഞു: കാനഡയിലെ കാൽഗരിയിൽ പോകുകയാണ്. അവിടെയാണ് എന്റെ ഭർത്താവ് ജോലിയുമായി ബന്ധപ്പെട്ട് താമസിക്കുന്നത്. ജമാഅത്തിന്റെ എതിർഗ്രൂപ്പുകളുമായി അദ്ദേഹത്തിന് ബന്ധമുണ്ട്. അവിടെ ജമാഅത്തുമായി എങ്ങനെയാണ് ബന്ധപ്പെടുക?

ഹുദൂർ പറഞ്ഞു:കൽഗരിയിൽ നമ്മുടെ മസ്ജിദുണ്ട്. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അവിടെ പോകാവുന്നതാണ്. ഹുദൂർ പറഞ്ഞു: നിങ്ങൾ അവർക്ക് എന്റെ 'വേൾഡ് ക്രൈസസ് ആന്റ് ദ പാത്ത് വേ ടു പീസ്' എന്ന ഗ്രന്ഥം കൊടുക്കുക.

നവഅഹ്മദി സ്ത്രീകളുമായുള്ള ഹുദൂറിന്റെ ഈ മീറ്റിംഗ് 8.10 വരെ നീണ്ടു. ഈമീറ്റിംഗിൽ ജർമൻ തർജമ ചെയ്തത് നാഷണൽ സ്വദ്ർ സാഹിബ ലജ്ന ഇമാഇല്ലാഹ് ജർമനി, ഗേലായെ വാഗസ് ബാവ്സർ സാഹിബ നാഷണൽ സെക്രട്ടറി തർബിയ്യത്ത്, നൗമുബാഈൻ എന്നിവരാണ്. ഫ്രഞ്ച് തർജമയ്ക്ക് ഒരു നവഅഹ്മദി സ്ത്രീ സഹായിച്ചു.

മീറ്റിംഗിന്റെ അവസാനം വികാരഭരിതമായ രംഗങ്ങളാണ് കാണാൻ കഴിഞ്ഞത്. നവ അഹ്മദികളെല്ലാം തങ്ങൾക്കു കിട്ടിയ ഭാഗ്യത്തിൽ സന്തോഷവതികളായിരുന്നു. വികാരാവേശത്താൽ ചിലരുടെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു.

അതിനുശേഷം 8.10 – ന് ഹുദൂർ അൻവർ രണ്ടാമത്തെ ഹാളിലേക്ക് പോയി. അവിടെ നവഅഹ്മദികളുമായുള്ള ഹുദൂറിന്റെ മീറ്റിംഗിന് തുടക്കം കുറിച്ചു.

ഇന്ന് ആരാരൊക്കെയാണ് ബയ്അത്ത് ചെയ്തതെന്ന് ഹുദൂർ ചോദിച്ചു.

* ഹോളണ്ടിൽനിന്നു വന്ന ഒരു സ്നേഹിതൻ പറഞ്ഞു: ഞാൻ ഇന്ന് ബയ്അത്തു ചെയ്തു. ഒരു കാലമായി ഞാൻ ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിക്കുകയായിരുന്നു. ഇസ്ലാംമത തത്ത്വജ്ഞാനവും വായിച്ചു. ജമാഅത്തിനെ കുറിച്ച് ഒരുപാടറിയാം. ഞാൻ വളരെ ആകർഷിക്കപ്പെട്ടിരിക്കുന്നു. സത്യം തിരിച്ചറിഞ്ഞതിനുശേഷം ഇന്ന് ബയ്അത്ത് ചെയ്തു.

ഒരു സ്നേഹിതന്റെ ബന്ധം ഇന്ത്യയിലെ ലുധിയാനയുമായിട്ടാണ്. അദ്ദേഹം പറഞ്ഞു: 13 വർഷമായി ഇവിടെ ജർമനിയിലാണ് താമസിക്കുന്നത്. എന്റെയടുക്കൽ ഇവിടുത്തെ വിസയാണുള്ളത്. ഞാനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചു. കുറെ കാലമായി ഒരു അഹ്മദി സ്നേഹിതനുമായി ബന്ധമുണ്ട്. അദ്ദേഹം എന്നോടു അഹ്മദിയ്യത്തിനെ കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ സംതൃപ്തി കൈവന്നപ്പോൾ ബയ്അത്ത് ചെയ്തു.

ഒരു നവ അഹ്മദി ചോദിച്ചു: അദ്ദേഹത്തിന് വല്ലാതെ ദ്വേഷമുണ്ടാകുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: വെറുതെ ഇരിക്കുമ്പോൾ മാന്യരായ ആർക്കും ദ്വേഷം വരികയില്ല. ദ്വേഷം വരുമ്പോൾ ദ്വേഷം അമർത്തുക. നിൽക്കുകയാണെങ്കിൽ ഇരിക്കുക. ഇരിക്കുകയാണെങ്കിൽ കിടക്കുക. തണുത്തവെള്ളം കുടിക്കുക. സ്പെയിനിലെ മുർസിയ പ്രദേശത്തുനിന്നു വന്ന മൊറോക്കോകാരനായ ഒരു നവ അഹ്മദി റഞ്ഞു:അദ്ദേഹം ഈ പ്രദേശത്തുള്ള മൊറോക്കോകാരനായ അഹ്മദി അത്ത്വയ്യിബുൽ ഫറഹ് സാഹിബിനോടൊപ്പം ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിലും മതനിഷ്ഠയിലും ഞാൻ വളരെ ആകർഷിതനായി. അദ്ദേഹം പറയുന്നു: ഒരിക്കൽ ധാരാളം മൊറോക്കോകാർ അദ്ദേഹത്തെ വളഞ്ഞ് പരിഹസിക്കുന്നത് ഞാൻ കണ്ടു.


• ഹദീഥുന്നബ്‌വി(സ) •

"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."
കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി(സ) •

"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."
ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ഒരു ദിവസം ആരോ എന്നോടും നിങ്ങളും ഖാദിയാനിയാണോ? എന്ന് ചോദിച്ചു. അതെന്താണെന്ന് ഞാൻ അങ്ങോട്ട് അയാളോടും ചോദിച്ചു. അവർ പറഞ്ഞു, അത്ത്വയ്യിബുർ ഫറഹ് ഖാദിയാനിയാണ്. ഞാൻ അത്ത്വയ്യിബുൽ ഫറഹ് സാഹിബിനോടു ഇതിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് വിശദമായി എനിക്കു പറഞ്ഞുതന്നു. പിന്നീട് ഞാൻ എം.ടി.എ കണ്ടപ്പോൾ അവിടെ ഇരിക്കുന്ന ആളുകളുടെ പ്രകാശിക്കുന്ന മുഖം കണ്ട്, ഇവർ കള്ളവാദികളല്ലെന്ന് എന്റെ ഭാര്യ പറഞ്ഞു. അങ്ങനെ നല്ലവണ്ണം അന്വേഷിച്ചതിനുശേഷം ഞാൻ ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം ഞാനും എന്റെ ഭാര്യയും ഹുദൂർ അൻവറിന്റെ വീട്ടിൽ വന്നിരിക്കുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. വാതിലിൽ മുട്ടിവിളിച്ചപ്പോൾ ഹുദൂർ ഞങ്ങളെ ഉള്ളിൽകൊണ്ടുപോയി ഇരുത്തി. സൽക്കരിച്ചു. പിന്നീട് ഞങ്ങൾ ഹുദൂറിനെ പിന്തുടർന്ന് നമസ്കരിച്ചു.

അത്ത്വയ്യിബുൽ ഫറഹ് സാഹിബ് 4 വർഷം മുമ്പേ ബയ്അത്ത് ചെയ്തുവെന്നും ഇപ്പോഴും ഇവിടെ ഏക അഹ്മദിയാണെന്നും ഹുദൂറിനോടു പറയപ്പെട്ടു. ഇദ്ദേഹം തന്നെ ആളുകൾ പരിഹസിക്കുന്നുവെന്നും ഇവിടെ ആളുകൾ അഹ്മദിയ്യത്തിലേക്ക് ചായുന്നതിനുവേണ്ടി ദുആ ചെയ്താലുമെന്ന് പറഞ്ഞ് ഹുദൂർ അൻവറിന് നിരന്തരം ദുആയ്ക്ക് കത്തെഴുതിക്കൊണ്ടിരുന്നു. ഹുദൂർ അൻവർ അദ്ദേഹത്തിന്റെ ഒരു കത്തിനെഴുതിയ മറുപടിയിൽ പറഞ്ഞു: താങ്കൾ **റബ്ബി ലാ തദർനീ ഫർദൻ വ അൻത ഖയ്റുൽ വാരിഥീൻ** എന്ന ദുആ ചെയ്തുകൊണ്ടിരിക്കുക. മുർസിയായിലെ ഈ സ്നേഹിതൻ അഹ്മദിയായതും അദ്ദേഹത്തിന്റെ കുടുംബം അഹ്മദിയായതും ഹുദൂർ അൻവറിന്റെ ദുആ സ്വീകാരത്തിന്റെ മുഅ്ജിസത്താണ്. ഇവർക്കു പുറമെയും രണ്ടുപേർ ബയ്അത്ത് ചെയ്തു. ഇപ്പോൾ ഈ പ്രദേശത്ത് 11 അഹ്മദികളുണ്ട്. ജമാഅത്ത് രൂപീകരിച്ചു.

* ഒരു അറബ് അനഹ്മദി സ്നേഹിതൻ ചോദിച്ചു:ആരുടെയെങ്കിലും മതത്തിന്റെ പ്രകടനം അയാളുടെ വസ്ത്രം മുഖേന ഉണ്ടാകുമോ?

ആ ചോദ്യത്തിന് ഹുദൂർ മറുപടി നല്കി:മതത്തിന് ബാഹ്യമായ വസ്ത്രമൊന്നുമില്ല. 'മതത്തിന്റെ വസ്ത്രം ലിബാസുത്തഖ്‌വയാണ്. അതായത് തഖ്‌വായുടെ വസ്ത്രമാണ്. ശ്രേഷ്ഠമായ സ്വഭാവത്തിന്റെ പ്രകടനമാണ്. നന്മയുടെ പ്രകടനമാണ്. മനുഷ്യൻ ധരിക്കുന്ന വസ്ത്രം നഗ്നതമറയ്ക്കുന്നതും ലജ്ജയുള്ളതുമായിരിക്കണം.' മതത്തിന്റെ വസ്ത്രം ലിബാസുത്തഖ്‌വയാണ്. ഇനിയാരെങ്കിലും അറബിയുടെ വസ്ത്രം ധരിച്ചിട്ടുണ്ടെങ്കിൽ, പക്ഷേ, അവൻ മറ്റുളളവർക്ക് ഉപദ്രവമുണ്ടാക്കുകയാണെങ്കിൽ മറ്റുള്ളവർ അവന്റെ കൈയിൽനിന്ന് സുരക്ഷിതരല്ലെങ്കിൽ അവൻ മുസ്‌ലിമാണെന്ന് പറയുന്നതിനെക്കാൾ മുസ്‌ലിമല്ലെന്ന് പറയുന്നതാണ് ഗുണകരം.

ഒരു യുവാവ് ചോദിച്ചു: എന്റെ പിതാമഹി പാക്കിസ്താനിൽ വഫാത്തായിരിക്കുന്നു. മറ്റുള്ളവരെല്ലാം അനഹ്മദികളാണ്. ഞങ്ങളിവിടെ മൂന്ന് സഹോദരി സഹോദരന്മാരാണുളളത്. ഞങ്ങൾ പാക്കിസ്താനിൽ പോയാൽ അവിടെ എങ്ങനെയാണ് പെരുമാറേണ്ടത്?

ഹുദൂർ പറഞ്ഞു:നല്ല നിലയിൽ പോകുക. അവരോടു നല്ലനിലയിൽ പെരുമാറുക. നിങ്ങൾ ഉത്തമമായ സ്വഭാവം പ്രകടിപ്പിക്കുക. നിങ്ങൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചവരാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ﷺനെ ചീത്തപറയുന്ന അവിടുത്തെ മൗലവിയെ പിന്തുടർന്ന് നമസ്കരിക്കരുത്. ബാക്കിയുള്ള സൽസ്വഭാവങ്ങളെല്ലാം പ്രകടിപ്പിച്ചുകൊണ്ടിരിക്കുക. അവസ്ഥകളുടെ ഭീഷണിയുണ്ടല്ലോ, അതിൽ യുക്തിയോടുകൂടി സമയം ചെലവഴിക്കുക. എന്തെങ്കിലും കാര്യത്തിൽ അനാവശ്യമായി ജീവൻ അപകടത്തിലിടുന്നത് ഉചിതമല്ല.

* ഒരു സാഹിബ് ചോദിച്ചു: ഞാൻ ആദ്യമായി ഹുദൂറിനെ പിന്തുടർന്ന് നമസ്കരിച്ചു. ഇന്ന് ബയ്അത്തും ചെയ്തു. ആ സമയത്ത് എന്റെ വികാരങ്ങളെന്തായിരുന്നുവെന്നാൽ, എനിക്ക് കൂടുതൽ സംസാരിക്കാൻ കഴിയുന്നില്ല. എനിക്ക് സംസാരം വരുന്നില്ല.

* മെസിഡോണിയയിൽനിന്നു വന്ന രണ്ടു സഹോദരങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഒരു സഹോദരൻ അഹ്മദിയാണ്. രണ്ടാമത്തെയാൾ ഇപ്പോൾ ബയ്അത്ത് ചെയ്തിട്ടില്ല. അനഹ്മദി സഹോദരൻ ചോദിച്ചു: അനഹ്മദിയും അഹ്മദിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളുടെ സഹോദരൻ അഹ്മദിയാണ്. അദ്ദേഹം ഓതുന്ന ഖുർആനിലും അദ്ദേഹത്തിന്റെ നമസ്കാരത്തിലും വല്ല വ്യത്യാസവും താങ്കൾ കണ്ടിട്ടുണ്ടോ? അപ്പോൾ സഹോദരൻ പറഞ്ഞു: ഒരു വ്യത്യാസവുമില്ല. ഹുദൂർ പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്, നബിﷺതിരുമേനിയുടെ പ്രവചനമനുസരിച്ച് വന്നു. നബിﷺതിരുമേനി ഒരൊറ്റ ഹദീഥിൽ നാലുതവണ അദ്ദേഹം നബിയുല്ലാഹ് ആയിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അവസാന കാലത്ത് നബിവരുന്നതായിരിക്കും. അദ്ദേഹം ഉമ്മത്തി നബിയായിരിക്കും. അതായത് ഏതെങ്കിലും പുതിയ ശരീഅത്ത് അഥവാ ന്യായപ്രമാണവുമായി വരികയില്ല. പ്രത്യുത നബിﷺതിരുമേനിയുടെതന്നെ സുന്നത്തിലും മാർഗത്തിലുമായിരിക്കും വരിക. നബിﷺതിരുമേനിയുടെ ശരീഅത്തിൽ വരുന്നതായിരിക്കും.

ഹുദൂർ അൻവർ പറഞ്ഞു: മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നത് വരേണ്ടുന്നയാൾ ആകാശത്തിൽ നിന്നായിരിക്കും വരിക എന്നാണ്. അദ്ദേഹം വരുമ്പോൾ നബിയായിരിക്കും. ഇപ്പോൾ ഒരു ഭാഗത്ത് പറയുന്നു, നബിﷺതിരുമേനിക്കുശേഷം ഒരു തരത്തിലുള്ള നബിയും വരികയില്ലെന്ന്! അപ്പോൾ മസീഹ് ആകാശത്തുനിന്ന് വരുമ്പോൾ അദ്ദേഹത്തിന്റെ നബിയുടെ ടൈറ്റിൽ തിരിച്ചെടുക്കപ്പെടുമോ? അങ്ങനെയല്ലെങ്കിൽ അതിന്റെ അർഥം നബിﷺതിരുമേനിക്കുശേഷം നബി വരാവുന്നതാണെന്നാണ്. വരാവുന്നതാണെന്ന് വരുമ്പോൾ ഏതെങ്കിലും മറ്റു മതത്തിലെ നബിയെ എടുക്കുന്നതിനുപകരം ഉമ്മത്തിൽനിന്ന് എന്തുകൊണ്ട് വന്നുകൂടാ.

ഹുദൂർ അൻവർ പറഞ്ഞു:നബിയെ അയക്കുക എന്നത് അല്ലാഹുവിന്റെ അവകാശമാണ്. വിശുദ്ധ ഖുർആൻ പറയുന്നു, അല്ലാഹുവിന് നബിയെ അയക്കാൻ കഴിയുമെന്ന്. ആർക്കും അതുതടയാൻ കഴിയില്ല. നബി വരുന്നത് പുതിയ ന്യായപ്രമാണവുമായിട്ടല്ല. പ്രത്യുത മുമ്പേയുള്ള ശരീഅത്തിനെ പിന്തുടർന്നായിരിക്കും. ഉമ്മത്തീ നബിയായിരിക്കും.

ഹുദൂർ ചോദ്യകർത്താവായ അനഹ്മദിയെ കുറിച്ച് പറഞ്ഞു, അദ്ദേഹത്തിന് വിശുദ്ധ ഖുർആന്റേയോ ഹദീഥിന്റേയോ അറിവില്ല. പക്ഷേ, അദ്ദേഹത്തിന്റെ മുഖം പറയുന്നത് ഇദ്ദേഹം സത്യാന്വേഷിയാണെന്ന്.

ഹുദൂർ പറഞ്ഞു, അദ്ദേഹം അല്ലഹുവിനോടു ദുആ ചെയ്ത് അഹ്മദിയ്യത്ത് സത്യമാണോ അല്ലേ എന്നുള്ള മാർഗദർശനം കരസ്ഥമാക്കേണ്ടതാണ്.

18 വയസ്സുള്ള ഒരു യുവാവ് പറഞ്ഞു:ഞാൻ സിയറലിയോണിൽ നിന്നാണ്. പക്ഷേ, ഗിനികൊണാക്രിയിലാണ് താമസം. അവിടെ പഠിച്ചതും വളർന്നതും. ഇപ്പോൾ ഞാൻ വരുന്നത് ഹോളണ്ടിൽനിന്നാണ്. കഴിഞ്ഞവർഷമാണ് അഹ്മദിയായത്.ഞാൻ ജാമിഅ അഹ് മദിയായിൽ പോകാനാഗ്രഹിക്കുന്നു.

ഹൂദൂർ അൻവർ അദ്ദേഹത്തിൽനിന്ന് ഹോളണ്ടിൽ താമസിച്ച സ്റ്റാറ്റസിനെ കുറിച്ച് അന്വേഷിച്ചു. നാഷണാലിറ്റി കിട്ടിക്കഴിഞ്ഞാൽ ജാമിഅയിൽ പ്രവേശനം നേടുക. യു.കെ ജാമിഅയിൽ വരിക. നിങ്ങൾ എന്റെ അടുത്തുണ്ടാകും.

ഹൂദൂർ അൻവർ അദ്ദേഹത്തിൽനിന്ന് ഹോളണ്ടിൽ താമസിച്ച സ്റ്റാറ്റസിനെ കുറിച്ച് അന്വേഷിച്ചു. നാഷണാലിറ്റി കിട്ടിക്കഴിഞ്ഞാൽ ജാമിഅയിൽ പ്രവേശനം നേടുക. യു.കെ ജാമിഅയിൽ വരിക. നിങ്ങൾ എന്റെ അടുത്തുണ്ടാകും. ഒരു നവ അഹ്മദി പറഞ്ഞു:ഞാൻ രണ്ടുമൂന്നു മാസം മുമ്പേ ദുആ ചെയ്തശേഷം ബയ്അത്ത് ചെയ്തു.ഇന്ന് ഞാൻ അങ്ങയുടെ മുമ്പിലുണ്ട്. ഞാൻ ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിച്ചു. ഞാൻ പൂർണവിശ്വാസത്തോടെയാണ് ബയ്അത്ത് ചെയ്തത്. അപ്പോൾ ഹുദൂർ പറഞ്ഞു: അല്ലാഹു നിങ്ങളുടെ ആത്മീയനിലവാരം ഉയർത്തുമാറാകട്ടെ. നിങ്ങളെ കരുത്തനായ മുസ്‌ലിമാക്കട്ടെ.

ഒരു ജർമൻ നവഅഹ്മദി പറഞ്ഞു: ഞാൻ ബർലിനിലാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ എന്നോടൊപ്പം ജോലി ചെയ്യുന്നവർ എന്നെ കാഫിർ എന്നു വിളിക്കുന്നു. ഞാനെന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു: നബിﷺതിരുമേനി പറഞ്ഞിട്ടുളളത് ആരാണോ ലാ ഇലാഹ ഇല്ലല്ലാഹ് എന്നുപറയുന്നത് അവരെ കാഫിർ എന്ന് പറയരുതെന്നാണ്. താങ്കൾ കലിമ ചൊല്ലുന്നു, ഖുർആൻ ഓതുന്നു, നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് വിശ്വസിക്കുന്നു. ഞാൻ മുസ്‌ലിമാണെന്നത് എന്റെ ഈമാനാണെന്ന് താങ്കൾ പറയുക. നിങ്ങൾ ഇക്കാലത്തു വന്ന ഇമാമിനെ വിശ്വസിച്ചിട്ടില്ല. എന്നിട്ടും ഞാൻ പറയുന്നു, നിങ്ങൾ കലിമ ചൊല്ലുന്നതുകൊണ്ട് മുസ്‌ലിമീങ്ങളാണെന്ന്!

നിങ്ങളെന്നെ കാഫിർ എന്ന് വിളിക്കാൻ ആഗ്രഹിക്കുന്നു. അതു നിങ്ങൾ വിളിച്ചു കൊള്ളുക. അത് താങ്കളും അല്ലാഹുവും തമ്മിലുള്ള കാര്യമാണ്.

ഹുദൂർ പറഞ്ഞു:**ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹിൽ അളീം** ചൊല്ലിക്കൊണ്ടിരിക്കുക

നവ അഹ്മദിയുമായുള്ള ഹുദൂർ അൻവറിന്റെ ഈ കൂടിക്കാഴ്ചാ പരിപാടി 8.50 വരെ തുടർന്നു. അതിനുശേഷം കുറച്ചുനേരത്തേക്ക് ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി. ഇന്ന് പരിപാടിയനു

സരിച്ച് കാൾശ്രേ ജൽസാ ഗാഹിൽനിന്ന് മടങ്ങി ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസ്സുബൂഹിലേക്ക് പോകണമായിരുന്നു.

9 മണിക്ക് ഹുദൂർ താമസ സ്ഥലത്തുനിന്ന് പുറത്തു വന്നു. ഇജ്തിമായി ദുആ ചെയ്തു. ബയ്ത്തുസ്സുബൂഹിലേക്ക് പുറപ്പെടുകയും ചെയ്തു.

ഏകദേശം ഒരു മണിക്കൂർ 40 മിനിറ്റു യാത്രയ്ക്കുശേഷം 10.40-ന് ഹുദൂർ ബയ്ത്തുസ്സുബൂഹിലെത്തി.

ഹുദൂർ മസ്ജിദ് ഹാളിൽ വന്ന് മഗ്‌രിബ്-ഇശാ ജംആക്കി നമസ്കരിച്ചു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തേക്ക് പോയി.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ 83 പേർ ഹുദൂറിന്റെ കൈയിൽ ബയ്അത്തു ചെയ്തു. ഇവരുടെ ബന്ധം 17 വ്യത്യസ്ത ജനതകളുമായിട്ടായിരുന്നു. ബയ്അത്ത് ചെയ്തവരുടെ സന്തോഷം വിവരണാതീതമായിരുന്നു. ചില സഹോദരങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളും വികാരങ്ങളും പ്രകടിപ്പിച്ചു. അവർ താഴെ പറയുന്നവരാണ്.

ബെൽജിയമിൽ താമസിക്കുന്ന മൊറോക്കോകാരനായ സ്നേഹിതൻ മുഹമ്മദു ത്വലബവി അബ്ദുൽ ഖാദിർ സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഞാൻ 6 വർഷം മുമ്പേ അഹ്മദിയ്യത്തിനെ പരിചയപ്പെട്ടിരുന്നു. എന്നാൽ, കുറച്ച് ആഴ്ചകൾ മുമ്പേ അഹ്മദിയ്യത്തിനെ അന്വേഷിച്ച് ജമാഅത്തിന്റെ ഒരു നമസ്കാര സെന്ററിലെത്തി. ജമാഅത്തിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കരസ്ഥമാക്കി. നമസ്കരിക്കാനും ജമുഅയ്ക്കും സെന്ററിൽ വരാൻ തുടങ്ങി. എന്നെ ജർമനി ജൽസയിൽ പങ്കെടുക്കാൻ ക്ഷണിച്ചു. ഞാനതിൽ പങ്കെടുത്തു. ജൽസയുടെ ആത്മീയാന്തരീക്ഷം കണ്ട്, ഹുദൂർ അൻവറിനോടു ജമാഅത്തിലെ സഹോദരങ്ങൾക്കുള്ള സ്നേഹവും അനുസരണവുംകണ്ട് എന്റെ മനസ്സിൽ അസാധാരണമായൊരു മാറ്റം വന്നു. അതായത് തീർച്ചയായും ഇതൊരു സത്യവാന്മാരുടെ ജമാഅത്താണെന്ന്! അപ്പോൾ ഞാൻ ജമാഅത്തിൽച്ചേരാൻ തീരുമാനിച്ചു. ബയ്അത്തും ചെയ്തു.

സ്വീഡനിൽ താമസിക്കുന്ന ഇറാഖിലെ ഒരു അനുഭാവി അബ്ദുർറഹീം സാഹിബ് ജൽസസാലാന ജർമനിയിൽ പങ്കെടുത്തു. ഇദ്ദേഹം സ്വീഡനിൽനിന്ന് കുറച്ചു കാലത്തേക്ക് ബെൽജിയമിൽ വന്നതാണ്. അവിടെ അദ്ദേഹത്തിന്റെ കൂടിക്കാഴ്ച മൊറോക്കോയിലെ നവ അഹ്മദികളുമായി നടന്നു. അവർ ജമാഅത്തിനെ അദ്ദേഹത്തിന് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ ഓരോ ചോദ്യത്തിനും തൃപ്തികരമായ മറുപടി നല്കി. ജൽസസാലാന ജർമനിയിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ജൽസയ്ക്കുവന്നു. ജൽസയുടെ ആത്മീയാന്തരീക്ഷംകണ്ട് ഒരുപാട് ആകർഷിതനായി. ഇതാണ് താൻ അന്വേഷിച്ചു നടന്ന യഥാർഥവും സത്യസന്ധവുമായ ജമാഅത്തെന്ന് അദ്ദേഹം പറഞ്ഞു. എന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയും ഈ ജമാഅത്തു തന്നെയാണ്.

ഈ സാഹിബും ജൽസസാലാനയിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ബെൽജിയമിൽനിന്നുവന്ന ഒരു മൊറോക്കോകാരി നവഅഹ്മദി സ്ത്രീ ഖദീജ സാഹിബ പറഞ്ഞു: ഞാൻ 2010-ൽ ഇമാം മഹ്ദി വന്നിരിക്കുന്നതായിട്ട് സ്വപ്നം കണ്ടിരുന്നു. ഒരു ചന്ദ്രപ്രകാശം പോലെ അദ്ദേഹം പറഞ്ഞു: സുവാർത്തയായിരിക്കട്ടെ. സുവാർത്തയായിരിക്കട്ടെ. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസിനെ കണ്ടു. ഹുദൂർ ഇംഗ്ലീഷിൽ പറഞ്ഞു: Dont Worry. Dont Worry. ഈ മഹാത്മാവ് ആരാണെന്ന് എനിക്കറിയില്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഫോട്ടോ നോക്കി. അത് ഞാൻ സ്വപ്നത്തിൽ ഇമാം മഹ്ദി എന്ന നിലയിൽ കണ്ട വ്യക്തി തന്നെയായിരുന്നു. പിന്നീട് ഞാൻ യു.കെ.ജൽസസാലാനയിൽ പങ്കെടുത്തു. അപ്പോൾ ഹുദൂർ അൻവറിനെ കണ്ട് വിശ്വസിക്കാൻ കഴിഞ്ഞില്ല. കണ്ണുകളിൽനിന്ന് കണ്ണീരൊഴുകുന്നുണ്ടായിരുന്നു. ഇതു ഞാൻ സ്വപ്നത്തിൽകണ്ട അതേ വ്യക്തിതന്നെയായിരുന്നു. ഇത് സത്യവും യഥാർഥവുമായ ജമാഅത്താണെന്ന് എനിക്ക് ദൃഢവിശ്വാസമായി. അങ്ങനെ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു.

ബെൽജിയമിൽനിന്ന് ഘാനക്കാരനായ ഒരു സ്നേഹിതൻ അബ്ബാസ് സാഹിബ് ജർമനി ജൽസയിൽ പങ്കെടുത്തിരുന്നു. ജൽസയുടെ സമാപന ദിവസം അദ്ദേഹം ബയ്അത്ത് ചെയ്തു. അദ്ദേഹം പറഞ്ഞു:ഞാൻ അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. അല്ലാഹുവും റഹ്മത്തിന്റെ ദൃഷ്ടികൊണ്ട് എന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ഞാനൊരു തബ്‌ലീഗ് മീറ്റിംഗിൽപോയി. അവിടെ ഹദ്റത്ത് മസീഹ് മൗഊദിന്റെ ഫോട്ടോ കണ്ടപ്പോൾ എനിക്ക് ഞാൻ സ്വപ്നത്തിൽ കണ്ട ആളാണതെന്ന് ഓർമവന്നു. ഞാൻ മീറ്റിംഗ് മുഴുവനും തീരുന്നതുവരെ ആ ഫോട്ടോ നോക്കി കരഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ ജർമനി ജൽസസാലാനയിൽ പങ്കെടുക്കാൻ വന്നതാണ്. ഞാൻ ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു.(തുടരും)

പേജ് 8 ൽ നിന്ന്

മേൽ സൽഫലങ്ങൾ ക്രമീകരിച്ചുവെക്കുന്നു. ഇതാണ് അവന്റെ സമ്പൂർണമായ റഹീമിയ്യത്ത്. അത് മനുഷ്യന്റെ അജീവ അത്യധ്വാനങ്ങളുടെ മേൽ ജീവൻ ഇടുന്നു.(33)

പ്രസ്തുത ആയത്തിന്റെ ഉദ്ദേശ്യമിതാണ്: 'എല്ലാ ഗുണങ്ങളും ഒരുമിച്ചുകൂടിയിരിക്കുന്ന അല്ലാഹുവിന്റെ റഹ്മാനിയ്യത്ത്, റഹീമിയ്യത്ത് എന്നീ ഗുണങ്ങളിൽനിന്ന് സഹായവും അനുഗ്രഹവും തേടുക എന്നതാണ് ഈ ആയത്തിന്റെ ഉദ്ദേശ്യമെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ആ സമ്പൂർണ സത്തയുടെ റഹ്മാനിയ്യത്ത് എന്ന ഗുണം, അവന്റെ ദയകൊണ്ടും ഔദാര്യംകൊണ്ടുമാണ് ആ മാർഗങ്ങൾ ലഭ്യമാക്കുക എന്നുദ്ദേശ്യത്തോടെ റഹ്മാനിയ്യത്ത് എന്ന ഗുണത്തോടു അനുഗ്രഹം തേടുക. അത് ദൈവഗ്രന്ഥമനുസരിച്ച് പരിശ്രമിക്കുന്നതിനു മുമ്പേ ആവശ്യമുള്ളതാണ്. ജീവനകാലത്തോടു നന്ദി കാണിക്കുക, അവസരവും ആകാംക്ഷയും ഉണ്ടാകുക, അതുപോലെ നല്ല സമയം ലഭ്യമാകുക, ശക്തികൾക്കും കഴിവുകൾക്കും നിലനില്പുണ്ടാകുക, സന്തോഷത്തിലും സമാധാനത്തിലും വിള്ളൽ ഉണ്ടാക്കുന്ന എന്തെങ്കിലും കാര്യം വന്നുഭവിക്കാതിരിക്കുക, മനസ്സിന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽനിന്ന് തടയുന്ന എന്തെങ്കിലും തടസം വന്നു വീഴാതിരിക്കുക, ചുരുക്കത്തിൽ എല്ലാ തരത്തിലുള്ള സൗഭാഗ്യവും നല്കപ്പെടുക എന്നതാണ്. ഈ എല്ലാ കാര്യങ്ങളും റഹ്മാനിയ്യത്ത് എന്ന ഗുണത്തിൽനിന്നാണ് ലഭിക്കുന്നത്. ആ സമ്പൂർണ സത്ത(അല്ലാഹു) തന്റെ റഹീമിയ്യത്ത് അഥവാ കാരുണികതകൊണ്ട് മനുഷ്യന്റെ പരിശ്രമങ്ങളിൽ സൽഫലങ്ങൾ ക്രമീകരിക്കണമെന്നും അവന്റെ അധ്വാനങ്ങൾ പാഴായിപ്പോകുന്നതിൽനിന്ന് അവനെ രക്ഷിക്കണമെന്നും അവന്റെ പരിശ്രമങ്ങൾക്കും കഠിനാധ്വാനത്തിനുംശേഷം അവന്റെ പ്രവൃത്തിയിൽ ബർക്കത്ത് ചൊരിയണമെന്നുമുള്ള ഉദ്ദേശ്യത്തോടുകൂടി റഹീമിയ്യത്ത് എന്ന ഗുണത്തോടു ക്ഷേമവൃദ്ധി തേടുക.(തുടരും)

പേജ് 1 ൽ നിന്ന്

ഹുവിൽനിന്ന് നുബുവ്വത്തിന്റെ മാർഗത്തിൽ വരുന്നവർ ഉൽകൃഷ്ടസ്വഭാവം കൂടെക്കൊണ്ടുവരുന്നവരാണ്. എന്റെ മതം ഇതുതന്നെയാണ്, പ്രവാചകന്മാരുടെ പ്രശസ്തിക്കെതിരിൽ വർത്തമാനം പറയുക, കുഫ്ർ അഥവാ സത്യനിഷേധമാണ്.

മനുഷ്യൻ ഉൽകൃഷ്ടസ്വഭാവം കരസ്ഥമാക്കുകയും തഖ്വാ സ്വായത്തമാക്കുകയും ചെയ്യുക എന്നത് വളരെ വലിയ മഹത്തായ കാര്യമാണ്. അതിന് സത്യസന്ധന്മാരുടെ സഹവാസത്തിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് എന്റെയടുത്തിരിക്കുന്നതിന് ചിന്തിക്കുക.' *(മൽഫൂദാത്ത് വാല്യം 2, പേജ് 38, 2018 ഖാദിയാൻ പതിപ്പ്)*

mta INTERNATIONAL
WWW.MTA.TV
Reaching The Corners Of The Earth

ഹദീഥുന്നബവി(സ)
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി(സ)
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 10 October 2024 Issue-41

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദു മാത്ര**

(ബദ്ർ വാള്യം 9 ലക്കം 40, പേജ് 11, കോളം 2–ൽനിന്ന് തുടർച്ച.....)

ആദ്യമായാണ് മാസിഡോണിയൻ അഹ്മദികൾക്ക് ജർമൻ ജൽസയിൽ ഇപ്രാവശ്യം അവരുടെ ഭാഷയിൽ പദ്യം ആലപിക്കുന്നതിന് അവസരം ലഭിച്ചത്. മാസിഡോണിയൻ ഭാഷയിൽ അവതരിപ്പിച്ച പദ്യത്തിന്റെ തർജമ ഇപ്രകാരമാണ്: വിളംബരം ചെയ്യുക അല്ലാഹു ഏകനാകുന്നു.

അവനെക്കൂടാതെ ഒരു ആരാധ്യനുമില്ല.

ഹദ്റത്ത് നബി കരീം(സ)അവന്റെ പ്രിയനാണ്.

നമ്മുടെ ദീൻ ഇസ്‌ലാം, നമ്മുടെ രക്ഷ
ഇസ്‌ലാമിൽ.

അല്ലാഹുവോടുമാത്രം സ്നേഹം, ഇസ്‌ലാം
നമുക്കു നല്കും പാഠം.

ഇസ്‌ലാമിന് ഒരു കാലം വന്നു,
അത് ദുർബലമായി

ശേഷം ഇമാം മഹ്ദി വന്നു; ഇസ്‌ലാമിന്
പുതുജീവൻ വന്നു.

നേരിട്ട് കാണുംപോലെ അല്ലാഹുവിനെ
സ്നേഹിക്കുക

അല്ലാഹുവിനെ കാണൽ അസാധ്യമെങ്കിൽ

അവൻ കാണുന്നു നിങ്ങളെ എന്നു കരുതുക.

അല്ലാഹുവിനെ ഭയപ്പെടൂ വിശ്വാസികളേ!

ഒരിക്കലും നിങ്ങൾക്ക് മരണം വരാതിരിക്കട്ടെ!

നിങ്ങൾ അഹ്മദി മുസ്‌ലിം ആകും വരെ.

അതിനുശേഷം ഖുദ്ദാം ഗ്രൂപ്പ് ജർമൻ ഭാഷയിൽ പദ്യാലാപനം നടത്തി. വഖ്ഫെ നൗ കുട്ടികൾ പ്രാർഥനാ ഗീതം അവതരിപ്പിച്ചു. ഹെ ദസ്തെ ഖിബ്‌ലാ നുമാ ലാ ഇലാഹ് ഇല്ലല്ലാഹ് എന്ന് തുടങ്ങുന്ന പദ്യം മറ്റൊരു ഖുദ്ദാം ഗ്രൂപ്പ് അവതരിപ്പിച്ചു. അൻസ്വാറുല്ലാഹ് ഗ്രൂപ്പ് സമർപ്പിച്ച പദ്യത്തിനുശേഷം ജാമിഅ ജർമൻ വിദ്യാർഥികൾ അവസാനമായി സംഘം ചേർന്ന് പദ്യം അവതരിപ്പിച്ചു. ആത്മീയാന്തരീക്ഷത്തിന്റെ പ്രതീതി സൃഷ്ടിച്ചുകൊണ്ടാണ് ഈ കവിതാ ആലാപനങ്ങൾ നടന്നത്.

ജൽസാ പരിപാടിയുടെ അവസാനം ജമാഅത്തംഗങ്ങൾ വളരെ ആവേശത്തോടെ മുദ്രാവാക്യങ്ങൾ മുഴക്കി. അന്തരീക്ഷമാകമാനം മുദ്രാവാക്യത്താൽ മുഖരിതമായി. കുട്ടികളും മുതിർന്നവരും യുവാക്കളും വൃദ്ധരും പ്രിയപ്പെട്ട ഇമാമിനോടുള്ള വിശ്വാസവും സ്നേഹവും സമർപണ മനോഭാവവും പ്രകടിപ്പിച്ചു. വിടവാങ്ങലിന്റെ ഈ നിമിഷങ്ങളിൽ ഹൃദയങ്ങൾ വികാര നിർഭരമായിരുന്നു. കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ഈ അന്തരീക്ഷത്തിൽ ഹുദൂർ കൈയ്യുയർത്തി തന്റെ അനുരാഗികൾക്ക് അസ്സലാമു അലയ്ക്കുമെന്നും ഖുദാ ഹാഫിള്(ദൈവം സംരക്ഷകനായിരിക്കട്ടെ)എന്നും ആശംസിച്ചു. മുദ്രാവാക്യങ്ങളുടെ നടുവിലൂടെ ജൽസാ ഗാഹിന് പുറത്തേക്ക് മന്ദം മന്ദം നീങ്ങിയ ഹുദൂർ അൻവർ കുറച്ച് നേരം താമസസ്ഥലത്ത് പോയി.

07.30–ന് താമസസ്ഥലത്തുനിന്ന് പുറത്തുവന്ന ഹുദൂറിനെ വിവിധ രാജ്യങ്ങളിൽനിന്ന് വന്ന നവ അഹ്മദി വനിതകൾ കൂടിക്കാഴ്ച നടത്തി സായൂജ്യരായി. 29 പേരടങ്ങുന്ന ഇവരോടൊപ്പം 9 പെൺകുട്ടികളുമുണ്ടായിരുന്നു. ജർമനി, സ്പെയിൻ, ഫ്രാൻസ്, റുമാനിയ, റഷ്യ, സെനിഗൽ, ബോസ്നിയാ, പാക്കിസ്താൻ രാജ്യങ്ങളിൽനിന്നു വന്നവരാണിവർ. ഇവരിൽനിന്ന് 7 സ്ത്രീകൾക്ക് ഇന്നത്തെ ബയ്അത്ത് പരിപാടിയിൽ പങ്കെടുത്ത് അനുസരണ പ്രതിജ്ഞ നടത്താനും ഭാഗ്യം കിട്ടി.

ഹുദൂർ അൻവർ: എവിടെ നിന്നു വന്നവരാണ്?

ജർമനി ലജ്നാ സ്വദ്ർ: അധികപേരും ജർമനിയിൽ നിന്നുള്ളവരാണ്. കൂടാതെ വേറേയും ചില രാജ്യങ്ങളിൽനിന്ന് വന്നവരുമുണ്ട്.

ഹുദൂർ അൻവർ: ജൽസാ എങ്ങനെയുണ്ട്?

വികാരാധീനയായ ഒരു പോളിഷ് സ്ത്രീ:ഒന്നര വർഷമായി ഞാൻ അഹ്മദിയാണ്. അഹ്മദിയ്യത്തിനെ കുറിച്ച് ഞാൻ കേൾക്കാനിടയായ ആ സവിശേഷനേരം എനിക്ക് വളരെ വലുതായിരുന്നു. തുടർന്ന് ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.

ഒരു മൊറോക്കൻ സ്ത്രീ:ഏറ്റവുമാദ്യം ഞങ്ങൾ ഭാര്യ ഭർത്താക്കന്മാർ ബയ്അത്ത് ചെയ്തു.ഇപ്പോൾ ഞങ്ങളുടെ പ്രദേശത്ത് 12 പേർ ബയ്അത്ത് ചെയ്തു കഴിഞ്ഞു. തബ്‌ലീഗിന്റെ കൂടുതൽ വഴികൾ തുറന്നു കിട്ടാൻവേണ്ടി ഹുദൂറിന്റെ തിരുസമക്ഷം ദുആക്കപേക്ഷ.

ഒരു ജർമൻ നവഅഹ്മദി സ്ത്രീ: 2012–ൽ ഞാൻ ബയ്അത്ത് ചെയ്തു. എന്റെ പേര് ലിണ്ടാ എന്നാണ്. ഇസ്‌ലാമിക നാമം സ്വീകരിക്കാൻ ഞാനാഗ്രഹിക്കുന്നു.

ഹുദൂർ അവർക്ക് അലീന എന്ന് പേരിട്ടു.

ഒരു ജർമൻ സ്ത്രീ ജസീക്കയുടെ അപേക്ഷപ്രകാരം ഹുദൂർ അവർക്ക് യാസ്മീനെന്ന് പേരിട്ടു.

ഒരു ജർമൻ സ്ത്രീ: എന്റെ പേര് നാജ എന്നാണ്. ഇസ്‌ലാമിക നാമം നല്കാൻ അപേക്ഷിക്കുന്നു.

ഹുദൂർ അൻവർ:നിങ്ങളുടെ മാതാപിതാക്കൾ വെച്ച പേര് ശരിയാണ്.

നജാഹ് എന്ന പദത്തിന്റെ കൂടുതൽ വ്യാഖ്യാനം ഹുദൂർ സംക്ഷിപ്തമായി വിവരിച്ചു.

നാഷണൽ സ്വദ്ർ ലജ്നാ ജർമനി ലോറ എന്ന നവ അഹ്മദി സ്ത്രീയെ പരിചയപ്പെടുത്തി. തുടർന്ന് അവർ പറഞ്ഞു:ഇവരുടെ പിതാവ് സ്പെയിൻകാരനാണ്. മാതാവ് ഇറ്റാലിക്കാരിയും. ലോറാ സാഹിബാ ജൽസാ വേളയിൽ സമർപ്പിച്ച സംഘപദ്യാലാപനത്തിൽ ഞങ്ങളോടൊപ്പം ചേർന്നിരുന്നു.

ഹുദൂർ അൻവർ:ബ്രിട്ടനിലെ നവ അഹ്മദീ സ്ത്രീകളുടെ സെക്രട്ടറി ഒരു ബ്രിട്ടീഷ് സ്ത്രീയാണെന്ന് നിങ്ങൾക്കറിയുമോ? രണ്ടു മാസം മുമ്പേയാണ് അവർ ബയ്അത്ത് ചെയ്തത്. ജമാഅത്തുപരമായ സംവിധാനത്തിൽ അവർ ലയിച്ചു കഴിഞ്ഞു. വളരെ കാര്യങ്ങൾ പഠിച്ചു വരുന്നു. അവർ പുതുതായി വരുന്നവർക്ക് ഒരു മാതൃകയാണ്.

ഒരു അമേരിക്കൻ–ജർമൻ നവഅഹ്മദി സ്ത്രീ: എന്റെ വിദ്യാഭ്യാസം ഇംഗ്ലീഷിലാണ് പൂർത്തിയായത്. 6 മുതൽ 11 മാസംവരെ ഇന്ത്യയിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാൻവേണ്ടി പോകാൻ ഞാനാഗ്രഹിക്കുന്നു. ഇത് ജമാഅത്തോടൊപ്പം ചേർന്ന് ചെയ്യുന്നത് നല്ലതാണോ? ഈ ശാഖാ സംഘടന വഴി പോകാനാണ് ആഗ്രഹിക്കുന്നത്?

ഹുദൂർ അൻവർ:നിങ്ങൾ ഖാദിയാനിൽ പോകുമോ? അവിടെ നമുക്ക് പ്രൈമറി, സെക്കന്ററി സ്കൂളുകളുണ്ട്. അവരെ നിങ്ങൾക്ക് ഇംഗ്ലീഷ് പഠിപ്പിക്കാവുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളുടെ വിദ്യാഭ്യാസ പരിചയംകൊണ്ട് ഖാദിയാനിൽ സേവനം ചെയ്യാവുന്നതാണ്.

ഒരു സ്ത്രീ: നെയിൽ പോളിഷ് ചെയ്യാൻ അനുവാദമുണ്ടോ?

ഹുദൂർ അൻവർ:നെയിൽ പോളീഷിനും നഖത്തിനുമിടയിൽ ഒരുഅഴുക്കുമുണ്ടാകരുത്. നെയിൽ പോളിഷ് പുരട്ടിയാൽ വുളൂ ചെയ്യാൻ സാധിക്കില്ലെന്ന് അനഹ്മദികളിൽ തെറ്റായ ചിന്താഗതി നിലനില്ക്കുന്നുണ്ട്. ഇസ്‌ലാമിൽ എവിടേയും അങ്ങനെയില്ല.

ലിവ എന്നു പേരുള്ള ഒരു നവഅഹ്മദി സ്ത്രീ തനിക്ക് ഇസ്‌ലാമിക പേരിടാൻ ഹുദൂറിനോടു അപേക്ഷിച്ചു. ഹുദൂർ അവർ നാഇല എന്ന് പേരിട്ടു.

ഇപ്രകാരം അരീയാ എന്നുപേരുള്ള ഒരു ബോസ്നിയക്കാരി തനിക്ക് ഇസ്‌ലാമിക പേരിടാൻ ഹുദൂറിനോടു അപേക്ഷിച്ചു. ഹുദൂർ അവർക്ക് അതിയ്യത്തുൽവഹ്ഹാബ് എന്ന് പേരിട്ടു.

ഒരു നവ അഹ്മദി സ്ത്രീ ഹുദൂറിനോടു ചോദിച്ചു, അഹ് മദിയ്യത്ത് സ്വീകരിച്ചതിനുശേഷം തനിക്ക്

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin